അരുണ

ഗാർഹികമാസിക

എഡിറ്റർ മിസ്സിസ് ഏ. വി. കളത്തിൽ, മാനേജിങ്ങ് എഡിറ്റർ വറുഗീസ് കളത്തിൽ എം. ഏ.

പുസ്തകം 3. | ഏപ്രിൽ 1952 | ലക്കം 1

വിശ്വമോഹിനി

വിശ്വമോഹിനിയെ തെരഞ്ഞെടുക്കുവാൻ ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള സൗന്ദര്യപ്രേമികൾ വെമ്പൽകൊള്ളുകയാണ്. മിസ്സ് മദ്രാസിനെ തെരഞ്ഞെടുത്തതും, അതുപോലെ മിസ്സ് ബോംബെ, മിസ്സ് ഡൽഹി, മിസ്സ് കൽക്കട്ടാ എന്നിവരെ തെരഞ്ഞെടുത്തതും നമുക്ക് അറിവുള്ളതാണല്ലൊ. (മിസ്സ് മദ്രാസിന്റെ ചിത്രം ഈ ലക്കത്തിൽ അന്യത്ര പ്രസിദ്ധംചെയ്തിട്ടുണ്ട്.) മിസ്സ് ഇന്ത്യയെയും തെരഞ്ഞെടുത്തുകഴിഞ്ഞു.

മുപ്പത്തൊന്നു രാഷ്ട്രങ്ങളിൽനിന്നുള്ള സുന്ദരികൾ ഈ ലോകസൗന്ദര്യമത്സരത്തിൽ പങ്കെടുക്കുന്നുണ്ട്. കാലിഫോർണിയായിൽവെച്ചാണ് അഖിലലോകമത്സരം നടക്കുന്നത്.

ഇന്ത്യയിലെ മത്സരത്തിൽ ഒന്നാംസ്ഥാനത്തിനു അർഹയായ മിസ്സസ് ഇന്ദ്രാണി റഹ്മാൻ ജൂൺ 22-ാംനു കാലിഫോർണിയായിലെ മത്സരത്തിൽ പങ്കെടുക്കുന്നതാണ്. ആ മത്സരത്തിൽ ഒന്നാം സമ്മാനം നേടുന്ന സ്ത്രീ മിസ്സ് യൂണിവേർസ് ആയി പ്രഖ്യാപിക്കപ്പെടും.

ആംഗ്ലോ—സാക്സൺ വർഗ്ഗത്തിന്റെ സൗന്ദര്യത്തോതു വച്ചായിരിക്കുമോ സൗന്ദര്യം അളന്നു നോക്കുന്നത് എന്നൊരാശങ്ക പൊതുവെ പരന്നിട്ടുണ്ട്. അങ്ങനെ ഒരു വർഗ്ഗത്തിന്റെ തോതു മാത്രം നോക്കിയായിരിക്കയില്ല സൗന്ദര്യമത്സരമെന്ന് അധികൃതന്മാർ ഉറപ്പുനൽകിയിട്ടുണ്ട്. മത്സരത്തിൽ വിധി നിർണ്ണയിക്കുന്നതിനു യോഗ്യരായ ജഡ്ജിമാരെ നിശ്ചയിക്കുന്നതു പാരമൗണ്ടുപിക്ച്ചേഴ്സു എന്ന സിനിമാനിർമ്മാണസ്ഥാപനത്തിലെ ആർട്ടു ഡയറക്ടറായിരുന്ന വിൻസൻറു ട്രോട്ടാ ആണ്.

മുമ്പ് അവയവങ്ങളുടെ അളവു നോക്കിയാണു സൗന്ദര്യം നിർണ്ണയിക്കപ്പെട്ടിരുന്നതു. ഇതു പാവകളുടെ സൗന്ദര്യം നിർണ്ണയിക്കുവാനുള്ള ഉപാധിയാണെന്നും, മനുഷ്യരുടെ സൗന്ദര്യം നിർണ്ണയിക്കുവാൻ ഇതു പറ്റിയ മാർഗ്ഗമല്ലെന്നും ഇപ്പോൾ പൊതുവേ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ നിസ്സർഗ്ഗസൗന്ദര്യത്തിന്റെ അടിസ്ഥാനത്തിൽ മത്സരം നടത്തണമെന്നാണത്രെ ഉദ്ദേശിക്കുന്നതു.

സ്നാനവസ്ത്രങ്ങൾ ധരിച്ചും, സ്വദേശത്തുള്ള വസ്ത്രങ്ങൾ ധരിച്ചും, സായാഹ്നവസ്ത്രങ്ങൾ ധരിച്ചും ആണു മത്സരത്തിൽ പങ്കെടുക്കേണ്ടതു.

കാലിഫോർണിയായിൽ വച്ച് അഞ്ചു സുന്ദരികളെ പ്രഥമഘട്ടത്തിൽ തെരഞ്ഞെടുക്കും. അവരിൽനിന്നു വിശ്വമോഹിനിതെരഞ്ഞെടുക്കപ്പെടും.

ഇന്ത്യ ആദ്യമായിട്ടാണ് ഈ സൗന്ദര്യമത്സരത്തിൽ ഭാഗഭാക്കാകുന്നതു. പാശ്ചാത്യരുടെ മാനദണ്ഡമനുസരിച്ചുള്ള ഒരു സൗന്ദര്യവിധിക്കു വിധേയരാകുവാൻ പല ഇന്ത്യക്കാർക്കും മടിയുണ്ട്. പുരാതനകാലം മുതൽ ഇന്ത്യക്കാർക്കു സൗന്ദര്യത്തെപ്പറ്റി ചില ധാരണകളും ചില നിർവചനങ്ങളുമുണ്ട്. ആത്മാവിന്റെ സൗന്ദര്യം വരെ ഇന്ത്യക്കാർ സൗന്ദര്യത്തിൽ ഉൾപ്പെടുത്തുന്നു. അതിനാൽ പാശ്ചാത്യരുടെ സൗന്ദര്യബോധവും, നമ്മുടെ സൗന്ദര്യബോധവും തമ്മിൽ വലിയ അന്തരമുണ്ടെന്നുള്ളതു പ്രസ്പഷ്ടമാണല്ലൊ. ഈ സ്ഥിതിക്കു ഇന്ത്യ പ്രസ്തുത സൗന്ദര്യമത്സരത്തിൽ പങ്കെടുക്കരുതെന്നു ശഠിക്കുന്ന ദേശീയവാദികളുണ്ട്.

പക്ഷേ, അങ്ങനെ ശാഠ്യംപിടിക്കുന്നതിൽ അർത്ഥമില്ല. നമ്മുടെ അഭിപ്രായഗതിക്കു ലോകത്തിൽ ഒരു പ്രാധാന്യംകിട്ടുവാനും ഇത്തരംമത്സരങ്ങൾ വഴിതെളിക്കുന്നതാണ്.

സൗന്ദര്യബോധം

വിവിധരാജ്യങ്ങളിൽ വിവിധവർഗ്ഗക്കാർക്കു വിവിധങ്ങളായ സൗന്ദര്യബോധമാണുള്ളതു. പാരമ്പര്യം, ചുറ്റുപാടുകൾ, രൂപവ്യത്യാസങ്ങൾ, നിറം, വേഷം മുതലായവ

സൗന്ദര്യബോധത്തെയും ബാധിക്കാറുണ്ട്. ഒരു ജപ്പാൻകാരിയേയോ, ചൈനാക്കാരിയേയോ സൗന്ദര്യവതിയായി ഗണിക്കുവാൻ നമ്മിൽ പലർക്കും വിഷമമുണ്ട്. വെളുത്ത തൊലിയുള്ള പല യൂറോപ്യൻവനിതകളും നമ്മുടെ ദൃഷ്ടിയിൽ സുന്ദരികളല്ല. നമ്മുടെ നാട്ടിൽ പല വർഗ്ഗക്കാരും ഉപയോഗിക്കുന്ന തിലകം, വസ്ത്രധാരണരീതി, തലമുടികെട്ട് മുതലായവ മറ്റു രാജ്യക്കാരോ നമ്മുടെ നാട്ടിൽ തന്നെ മറ്റു ജാതിക്കാരോ സൗന്ദര്യമായി ഗണിച്ചെന്നു വരില്ല. വിവിധഘടകങ്ങളെ ആശ്രയിച്ചാണു സൗന്ദര്യം നിർണ്ണയിക്കപ്പെടുന്നതെന്ന് ഇതിൽ നിന്നു വ്യക്തമാണല്ലോ.

ഓരോ രാജ്യത്തെയും ചിത്രങ്ങളും ശില്പങ്ങളും പരിശോധിച്ചു നോക്കിയാൽ അതതു രാജ്യത്ത് ഓരോ കാലത്തുണ്ടായിരുന്ന സൗന്ദര്യബോധം എന്താണെന്നു മനസ്സിലാക്കാം. അർദ്ധനഗ്നകളുടെ ചിത്രങ്ങളും രൂപങ്ങളും ദക്ഷിണേന്ത്യൻകലാകാരന്മാർ നിർമ്മിച്ചിട്ടുണ്ട്. മറ്റു ചില രീതികളിൽ ഉത്തരേന്ത്യയിൽ രൂപങ്ങൾ വരച്ചിട്ടുണ്ട്. കൂടാതെ കവിതകളിലെ വർണ്ണനകളും പരിശോധിച്ചുനോക്കാം. ഇവയിലെല്ലാം വലിയ വ്യത്യാസങ്ങൾ കടന്നു കൂടിയിട്ടുണ്ട്. (അവയെപ്പറ്റി അടുത്ത ലക്കത്തിൽ വിശദമായി പ്രതിപാദിക്കണമെന്ന് ഉദ്ദേശിക്കുന്നു)

ഗ്രീക്കു കണ്ടിരിക്കുന്നതാണു സൗന്ദര്യം എന്നു വിധിച്ചുകഴിഞ്ഞാൽ ജപ്പാൻ ചൈന മുതലായ രാജ്യക്കാർക്കു സൗന്ദര്യമത്സരത്തിൽ പങ്കെടുക്കുവാൻ സാദ്ധ്യമല്ല. പക്ഷെ അവരുടെ രാജ്യങ്ങളിൽ സൗന്ദര്യമുള്ളവരുണ്ട്. അതിന് അവർ ചില മാനദണ്ഡങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വാസ്തവത്തിൽ സൗന്ദര്യത്തിന്റെ മാനദണ്ഡം സമാകർഷകത്വം തന്നെയായിരിക്കണം.

ഗ്രീക്കു കലാകാരന്മാർ സൗന്ദര്യത്തെപ്പറ്റി ഭാവനകൾ കെട്ടിച്ചമച്ചു അവരുടെ ഭാവനയിൽ പരിപൂർണ്ണമെന്നു തോന്നിയ ഗുണങ്ങൾ ചേർത്ത് അവർ ഒരു രൂപത്തെ വിഭാവനം ചെയ്തു. അതാണു ഗ്രീക്കു ചിത്രത്തിലും ഗ്രീക്കു ശില്പങ്ങളിലും കാണുന്ന വീനസ് എന്ന സൗന്ദര്യദേവത. പാശ്ചാത്യലോകംമുഴുവൻ ഈ വീനസിനെ സൗന്ദര്യത്തിന്റെ മൂർത്തിമത് ഭാവമായി ഗണിക്കുന്നു. പക്ഷെ, പ്രസിദ്ധനായ ഒരു ഇന്ത്യൻ കലാനിരൂപകൻ ആ സൗന്ദര്യത്തിന് ഒരു പിശകു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വീനസിന്റെ കണ്ണുകളെ സൂക്ഷിച്ചുനോക്കുക. ഒരു വിഡ്ഢിയുടെ നോട്ടമാണ് ആ സ്ത്രീക്കുള്ളതെന്ന് അദ്ദേഹം പറഞ്ഞു. ബുദ്ധിയുണ്ടായിരിക്കുകയെന്നതു സൗന്ദര്യത്തിന്റെ ലക്ഷണമായി പാശ്ചാത്യ കലാകാരന്മാർ കരുതിയിരുന്നില്ല. ബുദ്ധിയുണ്ടെങ്കിൽ, അതു കണ്ണിൽ അറിയാം. ഭാവത്തിലും അതു പ്രത്യക്ഷപ്പെടും. പാശ്ചാത്യരുടെ സൗന്ദര്യദേവതയുടെ സൗന്ദര്യത്തെ സംബന്ധിച്ച് ഒരു പണ്ഡിതനായ ഇന്ത്യൻ കലാനിരൂപകന് അഭിപ്രായവ്യത്യാസമുണ്ടായെങ്കിൽ, അതുതന്നെ പൂർണ്ണതയില്ലാത്ത സാധാരണ മനുഷ്യരുടെയിടയിൽ സൗന്ദര്യത്തിന്റെ പൂർണ്ണത ലഭിക്കുവാൻ സാദ്ധ്യമാണോ എന്നും, പാശ്ചാത്യർ വിധിക്കുന്ന വിധി ശരിയായിരിക്കുമോ എന്നും സംശയിക്കാവുന്നതാണ്. മാത്രമല്ല, യഥാർത്ഥ സുന്ദരികൾ എത്രപേർ ഈ മത്സരത്തിൽ പങ്കുചേരുമെന്നുള്ളതും സംശയിക്കപ്പെടേണ്ട ഒരു കാര്യമാണ്.

പുത്രസമ്പത്ത്

ചെറുകഥ

"വെള്ളയ്ക്കായുടെ കണ്ണിൽ കുത്തിനിറുത്താൻ കണ്ട ആയുധം! ഭഗവാനേ! എന്റെ "പാർക്കർ" പേനയുടെ നിബ്ബ്! ഇവററകളെക്കൊണ്ടു ഞാൻ മടുത്തു. ഇവിടെക്കൊണ്ടുവാടാ, എന്റെ പേന! ഈശ്വരാ! ഇപ്പോൾ എന്റെ പേനയുടെ നിബ്ബ് ഒടിഞ്ഞുകാണണമല്ലൊ. എടാ, രവീ! പേന ഇവിടെ കൊണ്ടുവരാനല്ലേ നിന്നോടു പറഞ്ഞതു്. അല്ലെങ്കിൽ ഞാൻ അങ്ങോട്ടു വന്നു നല്ല സമ്മാനം തരും".

മേനോൻ അലറി. അദ്ദേഹത്തിന്റെ മകൻ—നാലു വയസ്സു മാത്രം പ്രായമുള്ള രവി—ആ ഗൗരവവും, തുറിച്ചുനോട്ടവും അലർച്ചയുമൊന്നും അത്ര കൂട്ടാക്കിയില്ല. അതൊക്കെ അവൻ ധാരാളം കണ്ടിട്ടുള്ളതാണു്. അവൻ, മുററത്തുള്ള ഒരു തെങ്ങിന്റെ ചുവട്ടിൽ പൊഴിഞ്ഞുവീണുകിടന്ന ഒരു ചെറിയ വെള്ളയ്ക്കാ കൈയിലെടുത്തു് അതിന്റെ കണ്ണു കുത്തിച്ചുഴന്നുകളഞ്ഞു്, ഈർക്കിൽ കുത്തിപ്പിടിപ്പിച്ചു്, ഒരു കളിക്കോപ്പുണ്ടാക്കുന്ന ജോലിയിൽ ബദ്ധശ്രദ്ധനായി നിൽക്കുമ്പോഴാണു് അച്ഛൻ വന്നു് ഈ ശബ്ദബഹളമുണ്ടാക്കുന്നതു്. ഇത്രയും ഒച്ചപ്പാടിനുള്ള കാര്യമെന്താണു്. എന്നമട്ടിൽ അവൻ ആദ്യം വെള്ളയ്ക്കായിൽനിന്നു കണ്ണെടുത്തു് അച്ഛനെ ഒന്നു നോക്കി. അച്ഛന്റെ അടുത്ത പരിപാടി എന്തായിരിക്കാം എന്ന ഒരു രംഗനിരീക്ഷണവും ആ നോട്ടത്തിൽ അന്തർഭവിച്ചിരുന്നു. അച്ഛൻ ഓടിവരുകയാണെങ്കിൽ ഓടാൻ അവനും തയ്യാറായി. മേനോൻ മുന്നോട്ടു പാഞ്ഞു. രവി ഒരു കൈയിൽ വെള്ളയ്ക്കായും മറേറക്കൈയിൽ പാർക്കർപേനയുംപൊക്കിപ്പിടിച്ചുകൊണ്ടു് ഓടി. അച്ഛൻ പിടികൂടുമെന്ന ദിക്കായപ്പോൾ അവൻ വെള്ളയ്ക്കാ വടക്കോട്ടും, പാർക്കർപേന തെക്കോട്ടും വലിച്ചെറിഞ്ഞു. മേനോൻ വേഗം ചെന്നു പേനയെടുത്തു നോക്കിയപ്പോൾ ദൈവാധീനംകൊണ്ടു് അതിന്റെ നിബ്ബിനു യാതൊരു കേടും പററിയിട്ടില്ല. അപ്പോഴാണു് അദ്ദേഹത്തിന്റെ ശ്വാസം നേരെ വീണതു്. എങ്കിലും ഈ അക്രമകൃത്യം ചെയ്ത കുററപ്പുള്ളിയെ പിടിക്കാൻ വേണ്ടി അദ്ദേഹം നോക്കിയപ്പോഴേക്കു് അവൻ അവിടെനിന്നു് അപ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു.

(പി. ഒ.)

മേനോൻ പേനയെടുക്കാൻ പോയതക്കംനോക്കി രവി ഇടനാഴിയിലൂടെ കുറുക്കുവഴിയിട്ടു് ഓടി അടുക്കളയിലെത്തി, അവിടെ കറിക്കരിഞ്ഞുകൊണ്ടിരുന്ന അമ്മയുടെ പുറകിൽച്ചെന്നുനില്പായി. അവിടെ വിശേഷാൽ യാതൊരു സംഭവവും നടന്നില്ലെന്നുള്ള മട്ടിലാണവൻ അമ്മയുടെ പുറത്തു ചാരി നിൽക്കുന്നതു്. തൽക്കാലം, പെട്ടെന്നു വേറെ ജോലിയൊന്നും കണ്ടുകിട്ടാഞ്ഞതിനാൽഅവൻ മാധവിയമ്മയുടെ വലിയ മുടിക്കെട്ടു് അഴിച്ചു വീണ്ടും ഭംഗിയായി കെട്ടിവച്ചു കൊടുക്കുകയാണെന്നുള്ള നാട്യത്തിൽനിന്നു. ഇടയ്ക്കിടെ, അച്ഛൻവരുന്നുണ്ടോ എന്നു വെളിയിലേക്കു കണ്ണെറിഞ്ഞുനോക്കുന്നുമുണ്ടു്.

"ഒന്നു മാറിനിൽക്കു, മോനെ; അമ്മ ഈ മുരിങ്ങയ്ക്കാ ഒന്നു മുറിച്ചു ശരിപ്പെടുത്തിക്കൊള്ളട്ടെ. അതിനിടയിൽ അമ്മയുടെ മുടിക്കെട്ടു് അഴിച്ചിട്ടു ശല്യം ചെയ്യാതെ, എന്റെ മോൻപോയി നമ്മുടെ പശുക്കിടാവു് എവിടെയാണെന്നു നോക്കിയിട്ടുവരു."

അപ്പോഴേക്കു്, "എവിടെ, അവൻ?" എന്നു ഗർജ്ജിച്ചുകൊണ്ടുസംഹാരമൂർത്തിയെപ്പോലെ മേനോനും അവിടെ വന്നുചേർന്നു.

"എന്താണു്", എന്തുപററി?—മാധവിയമ്മ, അഴിഞ്ഞുലഞ്ഞുകിടക്കുന്ന, തന്റെ കേശഭാരം ഒരു കൈകൊണ്ടു നെററിയിൽനിന്നു് ഒരു വശത്തേക്കു് ഒതുക്കിവച്ചുകൊണ്ടു ചോദിച്ചു.

"എന്തുപററിയെന്നോ? ഇതുകണ്ടില്ലേ?"---മേനോൻ തന്റെ കൈയിലിരുന്ന പാർക്കർപേനകാണിച്ചുകൊണ്ടു പറഞ്ഞു:---"ഇപ്പോൾ ഇതിന്റെ കഥ കഴിയേണ്ടതായിരുന്നു. ഈ കുസൃതിച്ചെക്കൻ, ഞാൻ നോക്കിയപ്പോൾ, ഈ പേനയുടെ നിബ്ബ്കൊണ്ടു് ഒരു വെള്ളയ്ക്കായുടെ കണ്ണുകുത്തിച്ചുഴയുന്നു. 75 രൂപയുടെ പേന!

മാധവിയമ്മ:—ഏതായാലും പേനയ്ക്കൊന്നും കേടു പററിയില്ലല്ലൊ. അതുതന്നെ വലിയ കാര്യം,

ന്നെ, ഇപ്പോൾ അവനറിഞ്ഞോ ഇത്ര വില കൂടിയ പേനയാണെന്നു്. അവനു കൈയെത്തി എടുക്കാൻ വയ്യാത്ത സ്ഥാനത്തു് എവിടെയെങ്കിലും പേന സൂക്ഷിച്ചുവച്ചേക്കരുതോ? സൂക്ഷ്മതയില്ലാതെ അങ്ങുമിങ്ങും പേനയും വാച്ചും മററും കൊണ്ടുചെന്നിട്ടേക്കും, എന്നിട്ടു കുഞ്ഞുങ്ങൾ കാണുമ്പോൾ എടുക്കുന്നതവരുടെ കുററമാണോ? എല്ലാ കുഞ്ഞുങ്ങളും അങ്ങനെയാണു്. നമ്മൾ പ്രായമുള്ളവരാണു നമ്മുടെ സാധനങ്ങൾ സൂക്ഷിക്കേണ്ടതു്.

മേനോൻ:—കുഞ്ഞുങ്ങൾ അവർക്കാവശ്യമില്ലാത്ത സാധനങ്ങൾ എന്തിനെടുക്കുന്നു? ഇവിടെ മാത്രമേയുള്ളു ഇങ്ങനെ.

മാധവിയമ്മ:—ഇവിടെ മാത്രമല്ല, എവിടെയും കുഞ്ഞുങ്ങളുടെ സ്വഭാവം അങ്ങനെ തന്നെയാണു്. കാണാൻ കൌതുകമുള്ള സാധനങ്ങൾ എവിടെയിരിക്കുന്നതു കണ്ടാലും അവർ എടുക്കും.

മേനോൻ:—നീ എപ്പോഴും ഇങ്ങനെ അവരുടെ പക്ഷം പറയുന്നതുകൊണ്ടാണു് അവരങ്ങനെ കണ്ണിൽ കണ്ടതൊക്കെ എടുക്കാൻ പഠിക്കുന്നതു്.

മാധവിയമ്മ:—ഞാൻ ആരുടെയും പക്ഷം പറയുകയല്ല. ശാന്തമായി ഒന്നോർത്തു നോക്കൂ. കുഞ്ഞുങ്ങൾക്കു മാത്രമുള്ള ഒരു ദുശ്ശീലമാണോ അതു്? കാണാൻ നല്ല പദാർത്ഥങ്ങളിൽ പ്രായമുള്ളവരുടെയും കണ്ണു ചെല്ലാറില്ലേ?

മേനോൻ:—കണ്ണു, ചിലപ്പോൾ, ചെല്ലാറുണ്ടായിരിക്കാമെന്നുവച്ചു, കണ്ടാലുടനെ, അവരവർക്കാവശ്യമില്ലാത്ത സാധനങ്ങൾ ആരെങ്കിലും കൈവശപ്പെടുത്താൻ തുനിയാറുണ്ടോ?

മാധവിയമ്മ:—ആ കുററവും കുട്ടികളെക്കാൾ കൂടുതൽ ചെയ്യുന്നതു പ്രായമുള്ളവരാണു്. അല്ലെങ്കിൽ, എൻെറ മുഖത്തു നോക്കി, "ഇല്ലെ" ന്നു ധൈര്യമായിപ്പറയൂ.

മേനോൻ ഒന്നും മിണ്ടിയില്ല. സങ്കോചസമന്വിതമായി തൻെറ പത്നിയുടെ മുഖത്തേക്കു് ഒന്നുനോക്കുക മാത്രമേ ചെയ്തുള്ളു. മാധവിയമ്മയും ഒന്നു മന്ദഹസിച്ചു. അച്ഛനും അമ്മയും തമ്മിൽ നടന്ന വാദപ്രതിവാദം എന്താണെന്നു രവിക്കൊന്നും മനസ്സിലായില്ല. എങ്കിലും അമ്മയാണു ജയിച്ചതെന്നും, അമ്മ തൻെറ ഭാഗംപിടിച്ചാണു വാദിച്ചതെന്നും അമ്മയുടെയും അച്ഛൻെറയും മുഖഭാവത്തിൽനിന്നു് അവനു മനസ്സിലായി.

മേനോനു നാല്പത്തിയഞ്ചും മാധവിയമ്മയ്ക്കു നാല്പതും വയസ്സു പ്രായം കാണും. ഇരുപതു വർഷമായി അവരുടെ വിവാഹം നടന്നിട്ടു്. ഇപ്പോൾ പത്തു കുട്ടികളുണ്ടു്. ആറു് ആൺകുട്ടികളും നാലു പെൺകുട്ടികളും. മാധവിയമ്മ ഇപ്പോഴും ഏതാണ്ടു് ഒരു പ്രൌഢസുന്ദരിയാണെന്നാണു വയ്പ്പു്. മാതൃത്വത്തിൽനിന്നു് അവർ സ്ഥിരമായി വിരമിച്ചതായി ആരും വിചാരിച്ചിട്ടില്ല. തുടർച്ചയായുള്ള പ്രസവം അവർക്കു് ഒരു ക്ലേശമേയല്ല. ഓരോ പ്രസവം കഴിയുന്തോറും അവരുടെ ആരോഗ്യവും ഓജസ്സും പൂർവാധികം വർദ്ധിച്ചു വരുന്നതായി പലർക്കും—സ്വഭർത്താവായ മേനോനുപോലും—തോന്നിയിട്ടുണ്ടു്. പത്തുകുട്ടികളുള്ളതിൽ ഒമ്പതാമനാണു രവി. മേനോനു് അത്ര വലുതല്ലാത്ത ഒരു ഉദ്യോഗമുണ്ടു്. ശമ്പളംപരിമിതമാണു്. തറവാട്ടുസ്വത്തുക്കൾ അധികമൊന്നുമില്ല.

ഈ കുട്ടികളെ വളർത്തിക്കൊണ്ടു വരുന്നതിലുള്ള ബുദ്ധിമുട്ടുകളും പണസംബന്ധമായ ഞെരുക്കങ്ങളും പലപ്പോഴും ആ ദമ്പതികളെ വളരെ ക്ലേശിപ്പിച്ചിട്ടുണ്ടു്. നാലുകുട്ടികളായിക്കഴിഞ്ഞതിനുശേഷം അവർ പലപ്പോഴും ആലോചിച്ചിട്ടുണ്ടു് ഇനി കുട്ടികൾ വേണ്ടെന്നു്. എങ്കിലും മിക്കവാറും ഒന്നരാടൻ കൊല്ലങ്ങളിലും ചിലപ്പോൾ അടുത്തടുത്ത കൊല്ലങ്ങളിലും, കുട്ടികൾ മുറയ്ക്കു വന്നുകൊണ്ടിരുന്നു. ആരു പറഞ്ഞാലും അവർ കേൾക്കുകില്ല. അവരുടെ വിദ്യാഭ്യാസച്ചെലവാണു് ആ ചെറുകുടുംബത്തെ അത്യധികം പീഡിപ്പിച്ചുകൊണ്ടിരുന്ന ഒരു മഹാപ്രശ്നം. എട്ടു കുട്ടികൾ പഠിക്കുന്നുണ്ടു്. അവർക്കാവശ്യമുള്ള വസ്ത്രങ്ങൾ, ഫീസ്, കുട, പുസ്തകങ്ങൾ, നോട്ടുബുക്കുകൾ, ഇവ മുടങ്ങാതെ വഹിച്ചുകൊണ്ടു പോകുന്നതിൻെറ ഭാരംകൊണ്ടു മേനോൻ ഇതിനകം പലരോടും കടക്കാരനായിക്കഴിഞ്ഞിരുന്നു. അവധി പറഞ്ഞു പറഞ്ഞു് അയാൾ നാണം കെട്ടിട്ടുണ്ടു്. എന്നാൽ ഇവരിൽ മൂന്നോ നാലോ കുട്ടികളെ പഠിപ്പിക്കാതെ വീട്ടിൽ നിറുത്താമെന്നുവച്ചാൽ അതിനു് അവരുടെ മനസ്സ് അനുവദിക്കുന്നുമില്ല. ഈ കുട്ടികളെക്കൊണ്ടു വീട്ടിലുള്ള ശല്യങ്ങളാണെങ്കിൽ ഒന്നും പറയാനില്ല. ആ വീട്ടിനകത്തു വച്ചിരിക്കുന്ന സർവസാധനങ്ങളും വലിച്ചെടുത്തു വെളിയിൽകൊണ്ടുവന്നു മുററത്തും വരാന്തയിലുമായി വാരിക്കൂട്ടിയിടുക, മുററത്തു കിടക്കുന്ന മണ്ണും മണലുമെല്ലാം ചിരട്ടകളിൽ കോരിയെ

ടുത്തു വരാന്തയിലും മുറികളിലും നിരത്തുക, ഇടയ്ക്കിടെ മിക്കപ്പോഴും തമ്മിൽ അടിപിടി കൂടുക, ഒരു കുട്ടി മറ്റൊരു കുട്ടിയുടെ തലമുടിക്കു പിടിച്ചു വലിക്കുക, രണ്ടും മൂന്നും എണ്ണം ഒരേസമയത്തു കിടന്ന് ഉച്ചത്തിൽ നിലവിളിക്കുക, മൂന്നും നാലും എണ്ണം എപ്പോഴും ജലദോഷംപിടിച്ചു മൂക്കിൽനിന്നു "മൂക്കട്ട" ഒലിപ്പിച്ചുകൊണ്ടു നടക്കുക, അതു, മേനോൻ അഴിച്ചു മുറിയിൽ ബ്രാക്കറ്റിൽ തൂക്കിയിട്ടിരിക്കുന്ന കോട്ടിന്റെ കൈയിലോ നേഴ്ത്തിന്റെ തുമ്പിലോ, മുറിയുടെ മുൻവശത്തു തൂക്കിയിരിക്കുന്ന വാതിൽക്കർട്ടനിലോ തുടയ്ക്കുക, നാലഞ്ചെണ്ണം എല്ലാദിവസവും പെൻസിൽ സ്കൂളിൽ കളഞ്ഞിട്ടുവരുക, ഗ്ലാസ്സുതംബ്ലറുകൾ ഉടയ്ക്കുക, കളിച്ചങ്ങാതികളുമായി വഴക്കുണ്ടാക്കി തമ്മിൽ ഉരുട്ടിപ്പിടിച്ചു ഷർട്ടും നിക്കറും കീറിക്കൊണ്ടുവരുക, ബട്ടൺസു കാണാതെപോകുക, എന്നുവേണ്ടാ ഓരോദിവസവും തള്ളിവിടുന്നതിനുള്ള പാടുകൊണ്ടു മേനോനും മാധവിയമ്മയും വലഞ്ഞു.

ഒരിക്കൽ മേനോൻ ആഫീസിൽ നിന്നു മടങ്ങി വന്നപ്പോൾ, അദ്ദേഹത്തിന്റെ മേശപ്പുറത്ത് അടുക്കിവച്ചിരുന്ന ഫയലിൽനിന്ന് ഒരു കടലാസ്സ് കീറിയെടുത്ത് ഒരു മകൻ, കളിക്കപ്പലുണ്ടാക്കി, മുറ്റത്തു മഴപെയ്തു ഓളംതുളുമ്പിനിൽക്കുന്ന വെള്ളത്തിലിട്ടു കളിക്കുന്നു! എൻ. ജി. ഓക്കാർ ഗവണ്മെന്റിലേക്കു സമർപ്പിച്ച മെമ്മോറാണ്ഡം പ്രധാന അവകാശവാദം അടങ്ങിയിരുന്ന ഒരു കടലാസ്സ് ആയിരുന്നു ആ കളിക്കപ്പൽ! മേനോന് അരിശം വന്നു. ആ കുട്ടിക്ക് തലയ്ക്ക് ഒരു നല്ല കിഴുക്കു കൊടുത്തു. അവൻ നായ് മോങ്ങുന്നതുപോലെ ഉച്ചത്തിൽ കരഞ്ഞു. മാധവിയമ്മ അടുക്കളയിൽനിന്ന് ഓടിവന്നു. കുഞ്ഞിനെ കിഴുക്കിയതിനു മേനോനെ ശാസിച്ചു.

മേനോൻ:—എൻ. ജി. ഒ. മെമ്മോറാണ്ഡമിട്ടാണു കളിക്കപ്പലോടിക്കുന്നത്! കഴുത.

മാധവിയമ്മ:—ഓ! അല്ലെങ്കിൽ എൻ. ജി. ഒ. ക്കാരുടെ കാര്യമൊക്കെ ശരിപ്പെടുത്തിയിട്ടിരിക്കുവാ. പിന്നെ അതൊന്നും പറയേണ്ടല്ലൊ അവനറിഞ്ഞോ, അത്, എൻ. ജി. ഒ. ആണെന്നു? കണ്ണിൽക്കണ്ട ഒരു കടലാസെടുത്തു. അത്രതന്നെ.

മേനോൻ:—എന്നാലിനി നീയും അവനുംകൂടി എൻ. ജി. ക്കാരോടു സമാധാനം പറഞ്ഞേക്കണം. സർവീസുസംയോജനത്തിന്റെ ഫയലാണ്.

മാധവിയമ്മ:—അവന്മാരിങ്ങു വരട്ടെ. അപ്പോൾ ഞാൻ പറഞ്ഞോളാം. സംയോജനമൊന്നും നടപ്പില്ലെന്ന്.

മേനോൻ:—എന്തുകൊണ്ട്? അതു പറഞ്ഞു നടപ്പില്ലെന്ന്.

മാധവിയമ്മ:—ഫയൽ വെള്ളത്തിലായതുകൊണ്ടു നടപ്പില്ല. ഇനി അത് ഉണങ്ങി വരണം. അതുവരെ സംയോജനം നടപ്പില്ല.

മേനോൻ:—അതെങ്ങിനെയാ? ഈ പത്തെണ്ണം കുറ്റിപിഴുത കന്നുകാലികളെപ്പോലെ തുടങ്ങിയാൽ യാതൊന്നും നടപ്പില്ല. ഭക്ഷ്യപ്രശ്നത്തിന്റെ ഫയലാണ് ഇന്നാൾ ആ ഗോപി എടുത്തുതൊപ്പിയുണ്ടാക്കിയത്.

മാധവിയമ്മ:— അതുകൊണ്ടിനി ആപ്രശ്നം തീർന്നല്ലൊ. ഭക്ഷ്യപ്രശ്നമല്ലേ സകല പ്രശ്നങ്ങളിലും വലുത്? അതിനു ഗോപി പരിഹാരമുണ്ടാക്കി

മേനോനും മാധവിയമ്മയും പൊട്ടിച്ചിരിച്ചു. എൻ. ജി. ഒ. ക്കാരുടെ അവശതകൾ വീണ്ടും ശേഷിച്ചു.

ഒരു ഞായറാഴ്ച വൈകുന്നേരം മേനോനും ഭാര്യയും കൂടി അവരുടെ സ്നേഹിതൻ ഡോക്ടർ ജോർജ്ജിന്റെ വസതി സന്ദർശിച്ചു. മി. ജോർജ്ജും പത്നിയും ഏകദേശം ഇതേ പ്രായക്കാരാണ്. നല്ല ഒരു വീട്, ഭംഗിയായി അലങ്കരിച്ചു, വീട്ടുസാമാനങ്ങളെല്ലാം അതതിന്റെ സ്ഥാനത്തു ക്രമമായി വച്ചിരിക്കുന്നു. ചെന്നു കയറുന്ന പൂമുഖത്തു മനോഹരമായി വിരിച്ചൊരുക്കിയിട്ടിരിക്കുന്ന ഒരു വട്ടമേശമേൽ വർണ്ണക്കടലാസുകൊണ്ടു നിർമ്മിക്കപ്പെട്ട കുറെ വിചിത്ര പുഷ്പങ്ങൾ ഇക്കഴിഞ്ഞ പതിനഞ്ചു വർഷക്കാലമായി അങ്ങനെയിരിക്കുന്നു. അതിന്റെ മുൻവശത്തായി ആനക്കൊമ്പിൽ തീർത്ത ഒരു കുരിശുരൂപവും ചാരിവച്ചിട്ടുണ്ട്. അതും പതിനഞ്ചു വർഷങ്ങളായി അതേയിരുപ്പുതന്നെ. ആരും അനക്കിയിട്ടില്ല. അവിടെ സർവത്ര ഒരു നിശ്ശബ്ദത. ഡോക്ടർക്കു കുട്ടികളില്ല!!

മേനോനെയും പത്നിയേയും ഡോക്ടറും പത്നിയും സസന്തോഷം സ്വീകരിച്ചു. യഥോചിതം സൽക്കരിച്ചു. ഡോക്ടറുടെ ആഫീസുമുറിയിലെ വലിയ മേശയിൽ പുസ്തകങ്ങളും കടലാസുകളും ഭംഗിയായി അടുക്കിവച്ചിരിക്കുന്നതു മേനോൻ സ്വപത്നിയെ ചൂണ്ടിക്കാണിക്കുന്നതു ഡോക്ടർ കണ്ടു. എന്താ മി. മേനോൻ മാധവിയമ്മയെ ചൂണ്ടിക്കാണിക്കുന്നത്?

മേനോൻ—"ഞങ്ങളുടെ വീട്ടിലെ കുത്തഴിഞ്ഞ സ്ഥിതിയും ഇവിടത്തെ ക്രമവും ചിട്ടയും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുകയായിരുന്നു.

ഡോ.—കുഞ്ഞുങ്ങളുള്ള വീട്ടിൽ ഇതുപോലെ ഒന്നും ഒരിടത്തുതന്നെ വെച്ചേക്കാൻ സാധിക്കുന്നതല്ല.

ഡാക്ടറുടെ ഭാര്യ—ഈജിപ്തിലെ കരിങ്കൽകുടീരങ്ങൾക്കുള്ളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന മൃതശരീരങ്ങൾ പോലെ ഒരു വീട്ടിലെ സാധനങ്ങൾ എത്രയൊ വർഷക്കാലം അനങ്ങാതെയും അനക്കാതെയും ഇ

രിക്കുന്നതിലെന്താണൊരു കൗതുകം? ഒരു വീടായാൽ കുഞ്ഞുങ്ങൾ വേണം. അവരുടെ കളികളും കൂത്താട്ടങ്ങളും ചെല്ലപ്പാട്ടുകൾ നിലവിളികൾ തന്നെയും കണ്ണിനും കാതിനും എന്തൊരു സുഖമാണ്! അക്കാര്യത്തിൽ മേനോൻസാറും മാധവിയമ്മയും പുണ്യം ചെയ്യവർതന്നെ!

മേനോൻ:—ഭഗവാനെ! ഡോക്ടറും നിങ്ങളുംകൂടി മൂന്നേമൂന്നു മണിക്കൂർ ഞങ്ങളുടെ വീട്ടിൽ ചെലവഴിക്കാമെങ്കിൽ നിങ്ങൾക്കു ഭ്രാന്തു പിടിക്കും. എട്ടുപത്തെണ്ണം കാട്ടാന കരിമ്പുവിളയിൽ കയറിയ മട്ടിൽ നടക്കുകയാണെ.

ഡോക്ടറുടെ ഭാര്യ:—അതൊരുഭാഗ്യമാണെന്നുഞാൻ പറയുന്നു, മേനോൻസാറെ! അല്ലേ! മാധവിയമ്മേ!

മാധവിയമ്മ:— (ചിരിച്ചുകൊണ്ട്) അത് ഭാഗ്യംകൊണ്ട് ഇരിക്കപ്പൊറുതിമുട്ടിയ മട്ടായിത്തുടങ്ങിയിട്ടുണ്ട് അദ്ദേഹത്തിനു. കുഞ്ഞുങ്ങളില്ലാത്തവർക്കറിയാം അതിന്റെ സങ്കടം!

ഡോക്ടർ:—അതേയതെ, ഇവിടെ ഞങ്ങളിരുവരും അനുഭവിക്കുന്ന ഏകാന്തത ഭയാനകമാണ്. നേരം വെളുത്താൽ വൈകുന്നുവരെ ഞങ്ങളിരുവരും പരസ്പരം കണ്ണിൽ നോക്കി, മുമ്പു പറഞ്ഞിട്ടുള്ള പഴങ്കഥകൾ തന്നെ വീണ്ടും വീണ്ടും ഉരുവിട്ടു സമയം കൊല്ലാൻ ശ്രമിക്കുകയാണ്. ഇന്നാൽ ഇവിടെ അനാഥയായ ഒരു പിച്ചക്കാരി വന്നു. രണ്ടു കൈയിലും ഓരോ കുട്ടിയുണ്ട്. നല്ല ചന്തം തികഞ്ഞ രണ്ടു ഓമനക്കുട്ടന്മാർ. അവളുടെ ഭർത്താവ് ഒരു മരത്തിൽനിന്നു വീണു മരിച്ചുപോയെന്നു പറഞ്ഞു. ആ കുട്ടികളിൽ ഒന്നിനെയിങ്ങു വളർത്താൻ തരാമെങ്കിൽ 15 രൂപാകൊടുക്കാമെന്നു പറഞ്ഞിട്ടു, തരുകയില്ലെന്നായിരുന്നു അവളുടെ മറുപടി!

മാധവിയമ്മ:—അതേയതെ, എത്ര കുഞ്ഞുങ്ങളുള്ളവരും ഒന്നിനെ കൊടുത്തുകളയുമോ? ശിവ! ശിവ! ഓർക്കാൻപോലും വഹിയാ. ഈശ്വരൻ മനുഷ്യർക്കു നൽകുന്ന സമ്പത്താണു നമ്മുടെ കുട്ടികൾ.

X X X X

വർഷങ്ങൾ പിന്നെയും പലതു കഴിഞ്ഞു. മേനോനു പെൻഷനായി. അവർ പട്ടണജീവിതം വിട്ട് ഉൾനാട്ടിൽപോയി താമസമായി. അവരുടെ കുഞ്ഞുങ്ങളെല്ലാംവളർന്നു. പഠിച്ച് ഉയർന്ന പരീക്ഷകൾജയിച്ച് ഓരോ ഉയർന്ന സ്ഥാനത്തായി പെൺകുട്ടികളെയെല്ലാം വിവാഹം കഴിച്ചുകൊടുത്തു. രവി മിലിട്ടറിയിൽ ഒരു മേജറായി. അവനും ഭാര്യയുംകൂടി അവധിക്കു സ്വഗൃഹത്തിൽവന്നു മാതാപിതാക്കന്മാരോടുകൂടി ഒരു മാസം താമസിച്ചു. അവൻ അച്ഛനമ്മമാർക്കും സഹോദരസഹോദരിമാർക്കും ധാരാളം സാധനങ്ങൾ കൊണ്ടുവന്നുകൊടുത്ത കൂട്ടത്തിൽ 750 രൂപാ വിലപ്പിടിപ്പുള്ളതും തനി സ്വർണ്ണത്തിൽ മുഴുവൻ നിർമ്മിക്കപ്പെട്ടതുമായ ഒരു ഫൌണ്ടൻപേനയും ഉണ്ടായിരുന്നു. അതു് അവൻ ഭക്ത്യാദരപുരസ്സരം എടുത്ത് അച്ഛനു കാഴ്ചവച്ചപ്പോൾ, അടുത്തുനിന്നമാധവിയമ്മ വാൽസല്യം വഴിഞ്ഞൊഴുകുന്ന പുഞ്ചിരിയോടെ:—

“ഇതാ, അന്നു് അവൻ വെള്ളക്കു് കുത്തിഎടുത്തെറിഞ്ഞു കേടുവരുത്തിയ പേനയ്ക്കുപകരം മറ്റൊരു പേനകൊണ്ടുവന്നിരിക്കുന്നു!”

രവി കഥയറിയാതെ അമ്മയുടെ കണ്ണിലേക്കുനോക്കി.


“ഓ, നിനക്കതു് ഓർമ്മകാണുകയില്ല, അന്നു നിനക്കു 4 വയസ്സേ പ്രായം കാണുകയുള്ളൂ.” അവർ ആ കഥ വിവരിച്ചു.

മേനോന്റെ കണ്ണുകളിൽ ആനന്ദബാഷ്പം തുളുമ്പി. മാധവിയമ്മയുടെ വെള്ളിപോലെനരച്ച മുടിനാരുകൾ ഇളംകാറ്റിൽ പറന്നുകളിച്ചു.

ഡോക്ടർ ജോർജും ഭാര്യയും, ഇന്നും അവരുടെ വീട്ടിലെ ഉപകരണസാമഗ്രികൾപോലെതന്നെ, അചേതന വസ്തുക്കളായികഴിയുന്നു. ഏകാന്തതയുടെ ഭയങ്കരമൂകതയിൽ നിന്നുള്ള ശാശ്വതമോചനത്തിനുവേണ്ടി അവർ ദിവസങ്ങൾ എണ്ണിയെണ്ണികഴിക്കുന്നു.



ജയശ്രീ



ആറൻമുള പൊന്നമ്മ




സുലോചന ചാററർജി



എം. വി. രാജമ്മ





മി. പി. സുബ്രഹ്മണ്യം തിരുവനന്തപുരത്തിനു സമീപം പുതുതായ
പണികഴിപ്പിച്ച മെരിലാണ്ട് സ്റ്റുഡിയോ ഫ്ലോർ

മിസ് മദ്രാസ്

മദ്രാസിലെ സൗന്ദര്യമൽസരത്തിൽ മിസ്സ് മദ്രാസ് ആയി തെരഞ്ഞെടുക്കപ്പെട്ട മിസ്സ് ടി. സൂര്യകുമാരി. അവർ മദ്രാസ് പ്രധാന മന്ത്രിയായിരുന്ന മി. ടി. പ്രകാശത്തിന്റെ ഭാഗിനേയിയാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.



ബേബീ തബ്സം



ബേബി ഗിരിജ
വിശപ്പിന്റെ വിളിയിൽ

മിശ്രവിവാഹങ്ങൾ

അവയുടെ വിജയത്തെപ്പററിയും അപജയത്തെപ്പററിയും പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ

മിശ്രവിവാഹങ്ങളെക്കുറിച്ച് പൊതുവേയുള്ള ഒരു പരിചിന്തനമാണ് ഈ ലേഖനത്തിലടങ്ങിയിട്ടുള്ളത്. അതിനെപ്പററി അനുഭവസ്ഥന്മാരുടെയും വായനക്കാരുടെയും അഭിപ്രായങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.—പത്രാധിപർ.

"എന്റെ മകൾ ലളിതയും അവളുടെ കോളജിൽ പഠിക്കുന്ന രാജനും തമ്മിൽ ആദ്യമായി കണ്ട നിമിഷത്തിൽ തന്നെ പ്രേമബദ്ധരായി. അവർ വിവാഹം ചെയ്യുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. ഞങ്ങൾ സന്തോഷപൂർവം അനുമതി നൽകി. പക്ഷെ, ലളിതയും രാജനും രണ്ടു ചിഭിന്ന മതവിശ്വാസങ്ങളിൽ പെട്ടവരാണ്. രണ്ടുപേർക്കും അവരവരുടെ മതത്തിൽ അസാധാരണമായ തീഷ്ണതയുള്ളവരാണ്. അതിനാൽ ആദ്യത്തെ യുവസഹജമായ വ്യാമോഹം അൽപ്പം ശമിക്കുമ്പോൾ, വിശ്വാസപരമായ വ്യത്യാസങ്ങളാൽ അവരുടെ ജീവിതം അസുഖകരമായിത്തീരുമോ എന്നു ഞങ്ങൾ ഭയപ്പെടുന്നു. പ്രിയപ്പെട്ട പത്രാധിപരേ, താങ്കൾ എന്തു പറയുന്നു."

പലരെയും വ്യാകുലചിത്തരാക്കിയിട്ടുള്ള ഒരു പ്രശ്നമാണിത്. ചില പ്രേമപ്രശ്നങ്ങൾക്കു പരിഹാരമൊന്നുമില്ല. ചിലരുടെ പ്രേമക്കുഴപ്പങ്ങൾ പരിഹരിക്കപ്പെടാവുന്നതാണ്. മതപരം മാത്രമല്ല, രാഷ്ട്രീയവും സാമൂഹ്യവുമായ കാരണങ്ങളാലും ജീവിതം അസുഖകരമാകാൻ ഇടയുണ്ട്.

ഒരു ആഫ്രിക്കൻ നാട്ടുവാഴിയായ ഖാമ ഒരു ഇംഗ്ലീഷുകാരിയുമായി പ്രേമബന്ധത്തിലേർപ്പെട്ടു. വിവാഹവും കഴിഞ്ഞു. വെളുത്ത തൊലിയുള്ള യൂറോപ്യന്മാർക്ക് അതു വലിയ വേദനയായിപ്പോയി. സ്വന്തം നാട്ടിലേക്കു മടങ്ങിപ്പോകുവാൻ ഖാമയ്ക്കു ബ്രിട്ടീഷ് ഗവർമ്മെൻറു് അനുവാദം നിഷേധിച്ചു. ഖാമ മടങ്ങിപ്പോയാൽ ഖാമയുടെ നാട്ടിൽ അഭ്യന്തരകലാപമുണ്ടാകുമെന്നാണു ബ്രിട്ടീഷുകാർ പുറമേ പറഞ്ഞ കാരണം. കണ്ടില്ലേ കുഴപ്പം? തൊലിയുടെ നിറം രണ്ടായതിന്റെ ഫലം.

ഇനിയും എഡ്വേർഡ് എട്ടാമന്റെ (ഇപ്പോഴത്തെ വിൻസർപ്രഭുവിന്റെ) പ്രേമവും എങ്ങനെ കലാശിച്ചുവെന്നു നോക്കുക. ഒരു അമേരിക്കൻ വനിതയുമായി അദ്ദേഹം പ്രേമത്തിലായി. വിവാഹനിശ്ചയവും കഴിഞ്ഞു. പക്ഷെ രാജാവായിരിക്കുമ്പോൾ അങ്ങനെയൊന്നും പ്രേമിക്കാൻ അവകാശമില്ലത്രെ. അദ്ദേഹത്തിനു പ്രേമിക്കണമെന്നു നിർബന്ധവുമായി. പ്രേമത്തിനുവേണ്ടി ബ്രിട്ടീഷ് സിംഹാസനം അദ്ദേഹം വലിച്ചെറിഞ്ഞു. അതും ഒരു കുഴഞ്ഞപ്രശ്നമായി.

വിവിധ മതക്കാർ തമ്മിൽ വിവാഹം നടന്നാൽ ഗാർഹികമായ പല അസുഖങ്ങൾക്കും കാരണമായേക്കാം. ശ്രീമതി വിജയലക്ഷ്മിപണ്ഡിറ്റും ഒരു മുസ്ലീമും തമ്മിൽ വിവാഹം ചെയ്യണമെന്ന് ഒരാലോചനയുണ്ടായിരുന്നു. പക്ഷെ ഒരു ഹിന്ദുവും ഒരു മുസ്ലീമും തമ്മിലുള്ള വിവാഹമായിരുന്നതിനാൽ പല നേതാക്കന്മാരും ഈ ആലോചനയെ എതിർക്കുകയാണുണ്ടായതു്. തൽഫലമായി ആ ആലോചന—കാമിനിക്കും കാമുകനും ഇഷ്ടകരമായിരുന്ന ആ കല്യാണം — അലസിപ്പോവുകയും ചെയ്തു.

ജാതിമതഭേദചിന്ത കൂടാതെ വിവാഹങ്ങൾ നടത്തണമെന്നുള്ളതു വിശാലമനസ്കരുടെ സമുന്നതമായ ആദർശമാണെങ്കിലും, മതത്തിൽ തീക്ഷ്ണതയുള്ള യുവതീയുവാക്കന്മാർ തമ്മിലുള്ള വിവാഹം കാലക്രമത്തിൽ പല അസുഖങ്ങൾക്കും ഇടയാക്കിയേക്കാം.

ഹിന്ദുക്കളിൽ നായന്മാർ, ഈഴവർ, പുലയർ, പറയർ മുതലായവർ തമ്മിലോ, ക്രിസ്ത്യാനികളിൽ കത്തോലിക്കർ, യാക്കോബായ, പ്രൊട്ടസ്റ്റൻറു് എന്നീ സമുദായക്കാർ തമ്മിലോ ഉള്ള വിവാഹങ്ങൾ നടത്തുമ്പോഴും ഇക്കാര്യം ഓർത്തിരിക്കേണ്ടതാണ്. മതനേതാക്കൾ പൊതുവേ മിശ്രവിവാഹത്തെ അനുകൂലിക്കുന്നില്ല.

കത്തോലിക്കർക്കാണെങ്കിൽ മിശ്രവിവാഹങ്ങൾക്കു ചില കാനോനുകൾ ഉണ്ട്. "ശീശ"മക്കാരോ, വിശ്വാസവിപരീതരോ ആയ ക്രിസ്ത്യാനികളും കത്തോലിക്കരും തമ്മിലുള്ള വിവാഹങ്ങൾ എല്ലായിടത്തും കർശനമായി സഭ നിരോധിക്കുന്നു. സഭയിൽനിന്ന് ആളുകൾ വേർപെട്ടു പോകുകയോ, കുട്ടികൾ വിശ്വാസവൈകൃതങ്ങളിൽ വീണു പോകയോ ചെയ്യുവാൻ ഇടയുണ്ടെങ്കിൽ അപ്രകാരമുള്ള വിവാഹം ദിവ്യനിയമങ്ങളാൽ നിരോധിക്കപ്പെട്ടിരിക്കുന്നു" ചിലപ്പോൾ കത്തോലിക്കാസഭ വിട്ടുവീഴ്ചകൾ ചെയ്യും. ഒരു കത്തോലിക്കാ സഭാംഗവും, ഇതര സഭാംഗവും തമ്മിൽ വിവാഹം ചെയ്യാൻ ചില പ്രത്യേക വ്യവസ്ഥകളുണ്ട്. കത്തോലിക്കാ സഭാംഗം സ്വന്ത സഭയിൽ തന്നെ തുടരുവാനുള്ള സ്വാതന്ത്ര്യം വേണം. ഭാര്യാഭർത്താക്കന്മാരിൽ കത്തോലിക്കാ സഭാംഗം മരിച്ചുപോവുകയാണെങ്കിൽ കുട്ടികൾ കത്തോലിക്കാസഭയിൽ സ്നാനം ചെയ്യപ്പെടുകയും കത്തോലിക്കാ നിബന്ധനകളനുസരിച്ച് അഭ്യസിപ്പിക്കപ്പെടുകയും വേണം. ജനനനിയന്ത്രണം, വിവാഹമോചനം മുതലായവയെ സംബന്ധിച്ച കത്തോലിക്കാ സഭയുടെ ഉപദേശങ്ങൾ അനുസരിക്കണം. ദമ്പതികളിൽ കത്തോലിക്കാ സഭാംഗം മറ്റെ ആളിനെ കത്തോലിക്കാസഭയിലേക്ക് മാനസാന്തരപ്പെടുത്തുവാൻ ശ്രമിക്കുമെന്ന് വാഗ്ദത്തം ചെയ്യുകയും ചെയ്യും.

മതനേതാക്കന്മാരുടെ അഭിപ്രായം

മിശ്രവിവാഹത്തിൽ ഏർപ്പെടുന്ന വ്യക്തികൾക്കും അവരുൾപ്പെടുന്ന സമുദായങ്ങൾക്കും അതൊരു ശല്യമാണെന്ന് മതനേതാക്കന്മാർ ഒരുപോലെ അഭിപ്രായപ്പെടുന്നു. വിവാഹമോചനവും വേർപാടും ഒരേസമുദായത്തിലുള്ള ദമ്പതികൾക്കു സംഭവിക്കുന്നതിന്റെ രണ്ടിരട്ടിയാണ് മിശ്രവിവാഹത്തിൽ ഏർപ്പെടുന്നവർ അനുഭവിക്കേണ്ടിവരുന്നതെന്നാണ് മൂന്നുപണ്ഡിതന്മാർ നടത്തിയ വിസ്തൃതമായ ഗവേഷണത്തിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത്.

22 പള്ളികളുടെ സഹകരണത്തോടുകൂടി 743 ദമ്പതികളുടെ അനുഭവങ്ങൾ ഡോ. മുറേലീഹർ പരിശോധിക്കുകയുണ്ടായി. മതപരമായ അഭിപ്രായവ്യത്യാസങ്ങൾ ഒതുക്കിതീർക്കുവാനുള്ള ശ്രമത്തിൽ ദമ്പതികളിൽ ഒരാളോ രണ്ടുപേരുമോ മതം പരിഛേദം ഉപേക്ഷിച്ചതായിട്ടാണ് തെളിഞ്ഞത്.

മൗലികമായ വ്യത്യാസങ്ങൾ

നവ്യപ്രേമത്തിന്റെ വികാരനിർഭരമായ അന്തരീക്ഷത്തിൽ കാമിനീകാമുകന്മാർ മതവ്യത്യാസത്തെ നിസ്സാരമായി തള്ളിക്കളയും. ഒരാളുടെ ഉള്ളിലുള്ള മതഭക്തി വിവാഹബന്ധത്തിനു വിലങ്ങുതടിയായി നിൽക്കുകയെന്നുള്ളതു ബാലിശമായി അവർക്കു തോന്നും. പക്ഷെ, സ്വന്തം ആത്മാവിനെ ബാധിക്കുന്ന മൗലികമായ തത്വങ്ങൾ ഒരു മതവിശ്വാസിയുടെ കുടുംബജീവിതത്തിൽ പരമപ്രധാനമായ ഒരു പങ്കാണു വഹിക്കുന്നതെന്നു കാലക്രമത്തിൽ മനസ്സിലാകുമ്പോഴാണു ദാമ്പത്യജീവിതത്തിൽ അസുഖങ്ങൾ കടന്നുകൂടുന്നത്.

മതപരമായ ചുറ്റുപാടുകൾ ഒരുത്തന്റെ ബാല്യദശയിൽ അവന്റെ സ്വഭാവരൂപീകരണത്തെ സാരമായി ബാധിക്കുന്നു. മതം ഒരു വ്യക്തിയുടെ സ്വകാര്യപരമായ ആത്മീയാനന്ദമാണെന്നുള്ള അഭിപ്രായം, മതം സമൂഹത്തിന്റെ കൂട്ടായുള്ള കാര്യമാണെന്നുള്ള അഭിപ്രായം, പരിപൂർണ്ണമായ അച്ചടക്കം പാലിക്കേണ്ട ഒരു സംഘടനയാണു മതം എന്ന അഭിപ്രായം, ഒരുത്തന്റെ ധനം, പ്രതാപം, സമയം, താല്പര്യങ്ങൾ എന്നിവ പരിപൂർണ്ണമായി മതത്തിന്റെ മുമ്പാകെ അടിയറവെക്കണമെന്നുള്ള അഭിപ്രായം — ഇങ്ങനെ വിവിധങ്ങളായ ധാരണകളും നിബന്ധനകളും വിവിധമതങ്ങളിലുള്ള വ്യക്തികളെ ബാധിക്കുന്നു.

ലൈംഗിക ബന്ധമൊഴികെയുള്ള എല്ലാക്കാര്യങ്ങളിലും അഭിപ്രായവ്യത്യാസമോ, അഭിപ്രായശൂന്യതയോ സംഭവിക്കുകയെന്നുള്ളതു വളരെ എളുപ്പമാണ്. കുട്ടികളെ ഏ

ളു വിശ്വാസമനുസരിച്ചു വളർത്തണമെന്നുള്ളതു വേദനാജനകമായ ഒരു പ്രശ്നമായി അവശേഷിക്കയും ചെയ്യുന്നു. ഒരു കുടുംബത്തിനു നേരിട്ടേക്കാവുന്ന സാമൂഹ്യവും സാംസ്കാരപരവും ആയ വൈഷമ്യങ്ങൾ യുവതീ യുവാക്കന്മാർ സൂക്ഷിച്ചു പഠിച്ചാൽ, വികാരപരമായ വ്യാമോഹങ്ങളിൽ കുടുങ്ങാതെ രക്ഷനേടാവുന്നതാണ്. അന്ധമായ ഭ്രമങ്ങളെ വെടിയുകയും, ആത്മാവിനെവരെ ബാധിക്കുന്ന ഭദ്രമായപ്രേമത്തെ സ്വാഗതം ചെയ്യുകയും വേണം.

വ്യത്യസ്തമതങ്ങളിൽ പെട്ടവർ പ്രേമബദ്ധരായിപ്പോയെന്നിരിക്കട്ടെ. അവരുടെ കുടുംബജീവിതം അസുഖകരമാകാതിരിക്കാൻ വല്ല മാർഗ്ഗവുമുണ്ടോ? അവരുടെ വിവാഹം സാദ്ധ്യമല്ലെങ്കിൽ അവർ ജീവനെ ഉപേക്ഷിക്കുവാൻ കയറോ വിഷമോ അന്വേഷിക്കുകയായി. സമുദായമോ, മാതാപിതാക്കളോ ഈ വിവാഹത്തെ എതിർത്താൽ അവർ ആത്മഹത്യ ചെയ്യും. അങ്ങനെയുള്ള ഘട്ടങ്ങളിൽ നാം അവരുടെ ജീവനെ ഒന്നാമതായി രക്ഷിക്കണം. അവർ വിവാഹിതരായിത്തീർന്നാൽ ഉണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങളെപ്പറ്റി വിവരമുള്ളവർ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം.

ആരെങ്കിലും ഒരാൾ മറ്റെയാളുടെ മതത്തിലേക്കു ചേർന്നാൽ അപകടം തീർന്നു. ബുദ്ധിയുള്ളവരാണെങ്കിൽ അന്യോന്യം അഭിപ്രായവ്യത്യാസത്തെ വേണ്ടവണ്ണം മനസ്സിലാക്കി സഹിഷ്ണുതപ്രദർശിപ്പിക്കണം. അങ്ങനെയാണെങ്കിൽ ഒരു വിധം കഴിഞ്ഞുകൂടാം. മതപരമായ വിഷയത്തിൽ ദുരഭിമാനവും ദുർവാശിയും കൂടുതലായി കാണുന്നതു വിദ്യാഭ്യാസമുള്ളവരുടെയിടയിലാണ്. കൂടുതൽ ആലോചിച്ചു വിട്ടുവീഴ്ച ചെയ്തു ജീവിതം വിജയകരമാക്കി മറ്റുള്ളവർക്കു മാതൃക കാണിക്കേണ്ടതും അവരാണ്.

നൈസാമിന്റെ രസകരമായ പ്രത്യേകതകൾ

പഴയ നൈസാം ചക്രവർത്തി ഇന്നൊരു രാജപ്രമുഖനാണ്. ഇന്ത്യയിലെ നിരവധി രാജപ്രമുഖന്മാരിൽ ഒരാൾ മാത്രം. ഇപ്പോൾ മെക്കയിലേക്കുള്ള തീർത്ഥയാത്രയ്ക്കു തയ്യാറെടുത്തിരിക്കുന്നു. 1952 മാർച്ച 13—ാം തീയതി അദ്ദേഹം രാജപ്രമുഖന്മാരുടെ സമ്മേളനത്തിൽ സംബന്ധിക്കുവാൻ വിമാനമാർഗ്ഗം ന്യൂഡൽഹിയിലെത്തി. 16 വർഷം മുമ്പു സർവ്വരാജകീയമായ പദവികളോടുംകൂടി അദ്ദേഹം ന്യൂഡൽഹി സന്ദർശിച്ചശേഷം ഇപ്പോൾ ആദ്യമായിട്ടാണ് ആ തലസ്ഥാനനഗരത്തിൽ ആഗതനാകുന്നത്. അദ്ദേഹത്തിന്റെ പഴയ പ്രതാപത്തെപ്പററിയും പ്രത്യേകതകളെപ്പററിയും അറിയുന്നതു രസാവഹമായിരിക്കും.

റ്റി. ചാണ്ടി

ലോകത്തിലെ ഒരു വമ്പിച്ച ധനാഢ്യനായ ആ മനുഷ്യൻ (നൈസാം) കൈയ്‌വിരൽകൊണ്ടാണ് ഭക്ഷണം കഴിക്കുന്നത്. കത്തിയും മുള്ളും സ്പൂണും അദ്ദേഹം ഒരിക്കലും ഉപയോഗിക്കാറില്ല. സൂപ്പുപോലും കൈയ്‌വിരൽ ചേർത്തു പിടിച്ചു കോരിക്കുടിക്കുകയാണ് പതിവ്.

ലോകത്തിലെ ഒരു വമ്പിച്ച ധനാഢ്യൻ എന്നു പറഞ്ഞപ്പോൾ റോക്കഫെല്ലരോ, ഫോർഡോ, മോർഗനോ മറ്റോ ആയിരിക്കുമെന്നു നിങ്ങൾ വിചാരിച്ചേക്കാം. അല്ല. പാശ്ചാത്യരിൽ പലരും ഒരു വേള അദ്ദേഹത്തെപ്പററി കേട്ടിട്ടില്ലായിരിക്കും. എന്നാൽ പൗരസ്ത്യർക്ക് അദ്ദേഹത്തിന്റെ പേരു സുപരിചിതമാണ്, ഹൈദ്രബാദിലെ നൈസാം— അദ്ദേഹത്തിന്റെ പൂർണ്ണമായ പേര് നൈസാം ഉസ്മാൻ അലിഖാൻ ബഹദൂർ ഫറേജംഗ് അസ്‌ഫ് ജാ എന്നാണ്. അനേകം ശതാബ്ദങ്ങൾക്കുമുമ്പ് കൈബർത്തുരങ്കംവഴി ഇന്ത്യയിൽ പ്രവേശിച്ച് കൊള്ളചെയ്തു രാജ്യം പിടിച്ചടക്കിയ മുഗൾചക്രവർത്തിമാരുടെ വംശജനാണ് നൈസാം. ഹൈദ്രബാദ് ഇന്ത്യൻ യൂണിയനോടു കൂട്ടിച്ചേർക്കുന്നതുവരെ ഇന്ത്യയിലെ ഏററവും വലിയ സമ്പൽസമൃദ്ധമായ ആ നാട്ടുരാജ്യത്തിന്റെ ഏകച്ഛത്രാധിപതിയായി അദ്ദേഹം വാണരുളിയിരുന്നു.

അദ്ദേഹത്തിന്റെ അന്തഃപുരത്തിൽ അഞ്ഞൂറിൽപരം സൗന്ദര്യവതികളായ സ്ത്രീകളുണ്ടെന്നാണ് പറയപ്പെടുന്നത്. അവരെ സൗന്ദര്യവതികളെന്നുപറയാമോ എന്തോ? പക്ഷെ അദ്ദേഹത്തിന്റെ പ്രാണപ്രിയയായി ഒരാൾ മാത്രമേയുള്ളു. മററുള്ളവരെ സംബന്ധിച്ച് അദ്ദേഹം വലിയ ശ്രദ്ധ പതിക്കാറില്ല. 27 വർഷങ്ങൾക്കു മുമ്പു മരിച്ച തന്റെ പിതാവിന്റെ വകയായിരുന്നു ഈ അന്തഃപുരം. അവിടെ താമസിക്കുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെ കട്ടായമായ നടപടികളാണ് നൈസാം സ്വീകരിച്ചിരിക്കുന്നത്. ഷണ്ഡന്മാർക്കുപോലും അവിടെ പ്രവേശനം അനുവദിച്ചിട്ടില്ല.

സൂര്യോദയത്തിനു മുമ്പ് അദ്ദേഹം എഴുന്നേൽക്കും. ഘടികാരത്തിന്റെ കർണ്ണകഠോരമായ അലാറംകേട്ട് കിടക്കയിൽനിന്ന് ചാടി എഴുന്നേററ് അതു തിരിച്ചുവെക്കേണ്ട ആവശ്യം അദ്ദേഹത്തിനില്ല. എല്ലാ ദിവസവും പ്രഭാതത്തിൽ ഒരു സംഗീത വിദഗ്ദ്ധസംഘം രാജസന്നിധിയിലെത്തി പാട്ടുപാടും. ആ മംഗളധ്വനിയാണ് അദ്ദേഹത്തെ പള്ളിയുണർത്തുന്നത്. ഇസ്ലാംമത വിശ്വാസിയായ നൈസാം അതിരാവിലെ ഉണർന്നാലുടൻ മെക്കായിലേക്കു നോക്കിക്കൊണ്ടു പ്രാർത്ഥന നടത്തുന്നു. ഹൈദ്രബാദിലെ കുന്നുകളുടെ ഇടവഴി സൂര്യൻ എത്തിനോക്കുന്നതുവരെ അദ്ദേഹം പ്രാർത്ഥിക്കും.

അദ്ദേഹത്തിന്റെ വേഷവിധാനങ്ങൾ അണിയിക്കുന്നതിനുമാത്രം നാലു ഭൃത്യന്മാരുണ്ട്. ഒരാൾക്കു കാൽച്ചട്ട ധരിപ്പിക്കുന്ന ജോലിയാണെങ്കിൽ മറെറാരാൾക്കു ഷർട്ട് ഇടീക്കുന്ന ജോലിയായിരിക്കും. രാവിലെ അതു കഴിഞ്ഞാൽ അവരുടെ അന്നത്തെ ജോലി തീർന്നു.

കൊല്ലാനും രക്ഷിക്കാനുമധികാരമുണ്ടായിരുന്ന ഏകാധിപതിയായി ഒന്നര കോടി ജനങ്ങളെ അടക്കി ഭരിച്ചിരുന്ന നൈസാം കടന്നുപോകുമ്പോൾ, അദ്ദേഹത്തിന്റെ പ്രജകൾ സാഷ്ടാംഗപ്രണാമം ചെയ്യുക സാധാരണമായിരുന്നു.

അതിരാവിലെ അദ്ദേഹം കുളി

ക്കമെങ്കിലും സോപ്പ് ഉപയോഗിക്കാറില്ല. അതിനുപകരം ഏതോ ഒരു മരത്തിന്റെ തൊലി ഉണക്കിപ്പൊടിച്ചതാണു തേയ്ക്കുന്നതു്. രാവിലെ എഴുന്നേററു നാലു മണിക്കൂർ കഴിയാതെ യാതൊരാഹാരവും കഴിക്കാറില്ല. ചായയോ കാപ്പിയോ അദ്ദേഹം കുടിക്കുകയില്ല. പാലോ പച്ചവെള്ളമോ മാത്രമാണ് അദ്ദേഹം കുടിക്കുന്നതു്.

നൈസാമിന്റെ പ്രഭാതഭക്ഷണം അത്ര ലഘുവല്ല. 12 തരത്തിലുള്ള സൂപ്പുകളും വിവിധതരത്തിൽ പാകപ്പെടുത്തിയിട്ടുള്ള മുട്ടകളും മയിൽക്കുഞ്ഞു്, കൊററി മുതലായ അസുലഭ പക്ഷികളുമാണ് അദ്ദേഹത്തിന്റെ പ്രാതൽ.

അരികിൽ സ്വർണ്ണക്കസവു പിടിപ്പിച്ചിട്ടുള്ളതും ശുഭ്ര വർണ്ണത്തിലുള്ളതുമായ ഒരു പട്ടുകോട്ടും കഴുത്തിൽ ധാരാളം രത്നമാലകളും അദ്ദേഹം സാധാരണ ധരിക്കുന്നു.

നൈസാമിനു സ്വന്തമായി ഒരു ബാർബറുണ്ടു്. പക്ഷെ പലപ്പോഴും മുടി ചീകാതെയും മുഖം വടിക്കാതെയും അദ്ദേഹം നടക്കുന്നതായി കാണാം. പത്മരാഗവും മരതകരത്നവും പതിച്ചിട്ടുള്ളതും കട്ടി സ്വർണ്ണംകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ളതുമായ കട്ടിലുകളും കസാലകളും വലിയ തോക്കുകളും അദ്ദേഹത്തിനുണ്ടു്. സ്വർണ്ണംകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള വലിയതോക്കു വെടിവയ്ക്കാൻ ഉപകരിക്കുകയില്ലെന്നു് എല്ലാവർക്കുമറിയാം. എങ്കിലും ഒരു സന്ദർശകനു നൈസാമിന്റെ പ്രതാപത്തെക്കുറിച്ചു വലിയ മതിപ്പുണ്ടാകുന്നതിനു് അതുനിദാനമാണു്.

ഈ അമൂല്യസമ്പാദ്യം നൈസാമിനു് എവിടെനിന്നു ലഭിച്ചു? അവയിൽ അധികപങ്കും ലോകത്തിലെ ഏററവും വലിയ രത്നഖനിയായ ഗോൽക്കോണ്ടായിൽനിന്നുകിട്ടിയിട്ടുള്ളതാണു്. ബ്രിട്ടീഷ് രാജകിരീടത്തിൽ പ്രശോഭിക്കുന്ന ചരിത്രപ്രസിദ്ധമായ കോഹിനൂർ തുടങ്ങിയ വിലയേറിയ രത്നങ്ങൾ ലഭിച്ചിട്ടുള്ളതു് അവിടെനിന്നാണു്. മനുഷ്യർക്കു വിശ്വസിക്കാൻ പാടില്ലാത്തവണ്ണം അത്ര വമ്പിച്ച നിധിയുടെ ഉടമസ്ഥനാണ് നൈസാം എങ്കിലും നമ്മേപ്പോലെതന്നെ പണമുണ്ടാക്കുന്നതിൽ അദ്ദേഹത്തിനും കൗതുകമുണ്ടു്. അദ്ദേഹം ആർഭാടമായ രാജകീയ വിരുന്നു നടത്തുക പതിവാണു്. അതിനു ക്ഷണിക്കപ്പെടുന്ന അതിഥികൾ ഓരോരുത്തരും സമുചിതമായ നാണയസമ്മാനങ്ങൾ നൽകണമെന്നായിരുന്നുവയ്പു്. ചിലപ്പോൾ അദ്ദേഹം 500 അതിഥികളെ ഡിന്നറിനു ക്ഷണിക്കും. ഒരാൾ രണ്ടു പവൻ വീതം സമ്മാനിക്കുന്ന പക്ഷം എത്ര പവൻ കിട്ടുമെന്നു് കണക്കാക്കാമല്ലോ.

സാധാരണ നൈസാം സപരിവാരം കടകളും കമ്പോളങ്ങളും സന്ദർശിക്കുകയും അവിടവിടെ കാണുന്ന പലഹാരങ്ങൾ വാങ്ങി രുചിനോക്കുകയും ചെയ്യാറുണ്ടു്. ഏതെങ്കിലും സാധനം നല്ലതാണെന്നു നൈസാം അഭിപ്രായപ്പെട്ടാൽ അതു് അദ്ദേഹത്തിനു വിലകൂടാതെ കടയുടമസ്ഥൻ കൊടുത്തുകൊള്ളണം. അതാണു് അവിടത്തെകീഴ്നടപ്പു്. അങ്ങനെ നൈസാമും പരിവാരങ്ങളും അനേകം കുട്ടകൾ നിറയെ പലഹാരങ്ങളുമായിട്ടാണു തിരിയെ കൊട്ടാരത്തിലെത്തുന്നതു്. ചിലപ്പോൾ ഈ പലഹാരങ്ങൾ തന്റെ സുഹൃത്തുക്കൾക്കു കൊടുത്തയയ്ക്കുകയും ചെയ്യും.

ഏതാനുംവർഷങ്ങൾക്കുമുമ്പു നൈസാം രചിച്ചിട്ടുള്ള കവിതകളടങ്ങിയ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്താൻ പോകുന്നുവെന്നും അതിന്റെ സാധാരണപ്രതികൾക്കു നാലുപവനും റോയൽ കോപ്പികൾക്കു് ഇരുപതു പവനും വിലയായിരിക്കുമെന്നും വിജ്ഞാപനം ചെയ്തു ഹൈദ്രബാദിലെ കുലീനന്മാരായ ആരും തന്നെ ആ പുസ്തകം വാങ്ങാതിരുന്നില്ല. അതിനുശേഷവും നൈസാം പല കവിതകൾ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

നൈസാം ശുദ്ധമായ ഇംഗ്ലീഷു ഭാഷ സംസാരിക്കും. ആനപ്പുറത്തിരുന്നുകൊണ്ടു കടുവായെ വെടിവയ്ക്കും. കാതിൽ ആഭരണം ധരിക്കുന്നു. തന്റെ സഹധർമ്മിണിക്കുള്ള ചെലവിനു് 40 പവൻ പ്രതിമാസം നൽകുന്നു. സ്പ്രിംഗ് വച്ചിട്ടില്ലാത്ത വെറുമൊരു സാധാരണ കട്ടിലിൽ കിടന്നുറങ്ങുന്നു.

ചിരി — ഒരു വാണിജ്യസാധനം

ചിരിക്കാൻ സാധിക്കാത്ത മനുഷ്യൻ മരിക്കാതെ മരിച്ചതിനു തുല്യമാണ്. ഘടികാരത്തിന്റെ സൂചികൾപോലെ, ദിനകൃത്യങ്ങളെല്ലാം യാന്ത്രികമായിനിർവഹിക്കുന്നുണ്ടെങ്കിലും, ജീവന്റെ സ്ഫുരണം അയാളിൽ പ്രത്യക്ഷപ്പെടുകയില്ല. ഉല്ലാസത്തിന്റെ തെളിച്ചം അയാളുടെ ജീവിതത്തിനു മാർഗ്ഗദർശകമാവുകയുമില്ല.

ചിരി ആരോഗ്യത്തിനു നന്നെന്നു കേൾക്കുന്നു. അതു് ആയുസ്സു വർദ്ധിപ്പിക്കുക കൂടി ചെയ്യുമത്രെ.

പശുവിൻനെയ്യ് പോലെയും, ബദാംഹല്വ പോലെയും, വിററാമിൻ ഗുളികകൾ പോലെയും ചിരി അളന്നും, തൂക്കിയും പാക്കററുകളായും ഇന്നു വാങ്ങാൻ കിട്ടും. ലഘുഭക്ഷണം കഴിക്കാൻ റെസ്റ്റോറൻറിൽ കയറുന്നതുപോലെ, ഒരടക്കം ചിരിക്കാൻ നാം പണമടച്ചു കയറിച്ചെല്ലുന്ന ശാലകളുണ്ടു്.

ചിരിവ്യവസായം ഇന്നൊരു വമ്പിച്ച വ്യവസായമാണ്. ചിരിത്തൊഴിലാളികളും ഇന്നു ധാരാളമുണ്ടു്. ചിരിച്ചും ചിരിപ്പിച്ചും ഉപജീവനംകഴിക്കുന്നവർ എത്ര! അതൊരു കുടിൽവ്യവസായമായും നടന്നുവരുന്നു.

വമ്പിച്ച ആപ്പീസുകളും, ഫയലുകളും, പണമിടപാടുകളും മററും മററും ചിരിയുടെ നിർമ്മാണവിതരണങ്ങൾക്കായി പ്രവർത്തിച്ചുവരുന്നു. ചാർളി ചാപ്ളിൻ, ലോറൽ, ഹാർഡി മുതലായവർ തുടങ്ങി എൻ എസ്. കൃഷ്ണൻ വരെയുള്ള സിനിമാനടന്മാർ, ലോ, ശങ്കർ മുതലായ കാർട്ടൂണിസ്റ്റുകൾ, അനേകം ഹാസസാഹിത്യകാരന്മാർ എന്നിവർ ചിരിവ്യവസായത്തിൽ മുതലെടുത്ത പ്രസിദ്ധ വ്യക്തികളാണ്. അവരുടെ ചരക്കുകൾ കിട്ടുവാൻ ആളുകൾ ക്യൂ നിൽക്കുന്നു.

ഈ വാണിജ്യവൽക്കരണംമൂലം ചിരി ഇന്നു വളരെയധികം സാമാന്യവൽകൃതമായിട്ടുണ്ടെന്നു സുപ്രസിദ്ധ കാർട്ടൂണിസ്റ്റായ ഡേവിഡ് ലോ ഒരു ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. ഒരമ്പതുകൊല്ലക്കാലംമുമ്പും ഇപ്പോഴും ചിരിക്കാനുള്ള ഉപാധികൾ എന്തെല്ലാമാണെന്നു നോക്കിയാൽ ഈ വ്യത്യാസം മനസ്സിലാവും. ഇന്നത്തെ വ്യവസായവൽകൃതമായ ചിരിക്കു് പ്രാദേശികസ്പർശം കുറയും. വളരെയധികം ആളുകൾ ഒന്നിച്ചിരുന്നാസ്വദിക്കേണമെന്നു വരുമ്പോൾ എ

കടവനാട കുട്ടികൃഷ്ണൻ

ല്ലാവരിലും ചിരി ഉളവാക്കുന്ന ഉപാധികൾ വേണമല്ലോ അവിഷ്ക്കരിക്കുവാൻ.

എന്തിനെക്കുറിച്ചെല്ലാമാണു നാം ഹാസ്യഭാവംകൊള്ളുന്നതു്. മി. ലോ തന്റെ ലേഖനത്തിൽ, മനുഷ്യൻ ചിരിക്കു് ഉപാധിയായിക്കാണുന്ന ഏതാനും കാര്യങ്ങളെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഒന്നാമതു ലൈംഗികബന്ധങ്ങൾ—യുവാക്കന്മാർ, യുവതികൾ, അവരുടെ ഭാവഹാവങ്ങൾ, ശൃംഗാരചേഷ്ടകൾ, അനുരാഗപ്രാർത്ഥനകൾ, വിവാഹം തന്നെയും. പിന്നെ, അനാരോഗ്യം—അംഗവൈകല്യങ്ങൾ, കഷണ്ടിത്തല, കോങ്കണ്ണു്, കോന്ത്രൻപല്ലു് മുതലായവ അതിൽപ്പെടും. പിന്നെ, ഭക്ഷണത്തിലും, വസ്ത്രധാരണത്തിലും, ഭാഷയിലുംമററുമുള്ള പ്രത്യേകതകൾ, അസാധാരണതങ്ങൾ—ഇങ്ങനെ ഒരു നൂറായിരം കാര്യങ്ങൾ ചിരിക്കു പ്രേരകങ്ങളായി ഭവിക്കുന്നുണ്ടു്. എന്തുകണ്ടാലും എന്തുകേട്ടാലും ചിരിക്കുന്ന ചിലപൊണ്ണക്കഴുതകളുണ്ടു്. അവരുടെ ചിരി ഒരു രോഗമാണെന്നുവേണം പറയുവാൻ. ആ ചിരി തന്നെ ഒരു പരിഹാസ്യവസ്തുവാണ്. കാരണമുണ്ടായിട്ടുള്ള ചിരിയ്ക്കേ ചിരിയുടെ നല്ല അർത്ഥം കല്പിച്ചുകൊടുക്കാവൂ.

വാസ്തവത്തിൽ നാം എന്തിന്റെ നേർക്കാണു ചിരിക്കുന്നതു്? പരാജയങ്ങളുടെ നേർക്കാണ് എന്നു തോന്നുന്നു. ഒരാൾ പഴത്തൊലി ചവിട്ടി വഴുതിവീഴുമ്പോൾ നമുക്കു ചിരിവരും. ശരിയായി നടന്നുപോകുന്നതിൽ അയാൾക്കു പരാജയം പററുകയാണ്. കോന്ത്രൻ പല്ലനേയും കോങ്കണ്ണനേയും കാണുമ്പോൾ നമുക്കു ചിരിവരുന്നു. രൂപസൗകമാര്യത്തിൽ അവർക്കു പരാജയം പററിയിരിക്കുകയാണ്. കൊഞ്ഞന്റെ സംസാരം കേൾക്കുമ്പോൾ നമുക്കു ചിരിവരും. വലിയ വാഗ്ദാനങ്ങൾ നൽകി അധികാരത്തിൽ കയറി, അവയൊന്നും നടപ്പിലാക്കാൻ കഴിയാതെ കുഴങ്ങുന്ന ഭരണാധികാരികളെപ്പററി ഉച്ചത്തിലുച്ചത്തിലുള്ള ചിരികൾ നാട്ടുമുഴക്കെ കേൾക്കാം.

പരാജയത്തിന്റെ കൂടെ മററു പലതും ചേർന്നു ചിരിയുടെ മാററു വർദ്ധിപ്പിക്കാറുണ്ടു്. പരാജയത്തെ മൂടിവെയ്ക്കാനുള്ള വൃഥാശ്രമം ഒരിരട്ടപ്പരാജയമാണ്. അതിന്റെനേക്കുള്ള ചിരി കൂടുതൽ ആഴവും പരപ്പുമുള്ളതായിരിക്കും. മുന്തിരിക്കുലയ്ക്കുവേണ്ടി ചാടിനോക്കി അതുകിട്ടാതെ ഇളിഭ്യനായിപ്പോവുന്ന കുറുക്കൻ, അതു പുളിക്കുന്നതാണ് എന്നു പറഞ്ഞു തന്റെ തോ

ല്മയെ മാറ്റാൻ ശ്രമിക്കുമ്പോൾ ആ ശ്രമത്തിന്റെയും പൊള്ളിവു കണ്ടു നാം പൊട്ടിപ്പൊട്ടിച്ചിരിക്കും. പരാജയത്തിൽനിന്നുണ്ടാകുന്ന ഇച്ഛാഭംഗവും അതിനെത്തുടർന്നുള്ള ഗോഷ്ടികളും ചിരിയുടെമാലകൾ കൊരുക്കുന്ന വഴിയാണു്. കുഞ്ഞിന്റെ മുലകുടിമാറ്റാൻ ചിലർ, അമ്മയുടെ മുലയിന്മേൽ കയ്പൻവസ്തുക്കൾ പുരട്ടാറുണ്ടു്. അതുനുണച്ചുനോക്കുന്ന കുട്ടിയുടെ മുഖത്തുണ്ടാകുന്ന ഭാവം കാണേണ്ടതുതന്നെയാണു്. മധുരത്തിന്നു മോഹിച്ചു് അതു കിട്ടാതെവന്നതും പോരാ. കയ്പുനുണയ്ക്കേണ്ടിയും വന്നു. ആ "ചുണ്ടുളുമ്പൽ" ആരേയും ചിരിപ്പിക്കും.

ശ്രമവും, പരാജയവും ഇച്ഛാഭംഗവും തുടർന്നു തുടർന്നു ചിരിയുടെതിരമാലകൾ ഇളക്കിവിടുന്ന ഒരു സിനിമാപടം കണ്ടതു് ഇപ്പോൾ ഓർക്കുന്നു. ഒരമേരിക്കൻ പടത്തിന്റെകൂടെ ഉണ്ടായിരുന്ന "സൈഡ്റീലാ"ണു്. മൂന്നുംകൂടിയ വഴിക്കൂട്ടത്തു, നിരത്തിന്നരികെ നിറുത്തിയ ഒരു കാർ, ക്ലീനർ കഴുകിത്തുടച്ചു വൃത്തിയാക്കുകയാണു്. ഒട്ടകലെ, നിരത്തിന്മേൽ, കല്ലടർന്നുപോയ ഒരു വിടവിൽ, മഴപെയ്ത ചെളിവെള്ളം കെട്ടിനിൽക്കുന്നു. ക്ലീനറുടെ പണി അവസാനിച്ചുതുടങ്ങി. അപ്പോഴേക്കും മറ്റൊരുകാർ ആവഴിവന്നു; കുണ്ടിലെചെളിവെള്ളം വൃത്തിയാക്കിയ കാറിന്റെ മേൽ മുഴുവൻ തെറിപ്പിച്ചുകടന്നുപോയി. ക്ലീനറുടെ മുഖഭാവം കാണേണ്ടതുതന്നെയാണു്. മറ്റെ കാറുകാരനെശപിച്ചുകൊണ്ടു് അയാൾ വീണ്ടും വൃത്തിയാക്കൽ തുടർന്നു. വൃത്തിയാക്കൽ അവസാനിക്കാറായപ്പോഴേക്കും പിന്നെയും ഒരു കാർ ആവഴിവന്നു, വീണ്ടുംചെളിവെള്ളം മുഴുവൻ നിൽക്കുന്നകാറിന്റെ മേൽ തെറിപ്പിച്ചു. ക്ലീനറുടെ നിരാശസ്സും ദേഷത്തിന്നും അതിരില്ല. പിന്നേയും അയാൾ കഴുക്ത്തുടയ്ക്കാൻ തുടങ്ങി. മൂന്നാമതൊരുകാർ കൂടിവന്നു, വൃത്തിയാക്കിയ കാറിന്റെമേൽ ചെളിവെള്ളം തെറിപ്പിച്ചുപോയി. പാവം ക്ലീനർ! അയാൾക്കതു വൃത്തിയാക്കിവയ്ക്കാതിരിക്കാനും നിവൃത്തിയില്ല. ചുററും നോക്കിക്കൊണ്ടു അയാൾ പിന്നേയും ജോലി തുടർന്നു. അതവസാനിക്കാറായിക്കാണും. അതാ വരുന്നു മൂന്നുംകൂടിയ വഴിക്കൂട്ടത്തുകൂടെ വേറൊരു കാർ. ക്ലീനറുടെ ക്ഷമ കെട്ടു. അയാൾ ബക്കറ്റെടുത്തു് ആ ചളിവെള്ളം താൻ തന്നെ മുക്കിക്കൊണ്ടുവന്നു കാറിന്മേലൊഴിച്ചു. പക്ഷെ ആ വന്ന കാർ അപ്പുറത്തേക്കു പോകുന്ന നിരത്തിലൂടെ തിരിഞ്ഞുപോവുകയാണു ചെയ്തതു്. ഇച്ഛാഭംഗം കൊണ്ടു ചെയ്തുപോകുന്ന വിഡ്ഢിത്തത്തിന്റെ പരിഹാസ്യതയ്ക്കു നല്ലൊരുദാഹരണം.

കുമാരസംഭവത്തിൽ കാളിദാസൻ ചിരിച്ച ചിരിയെപ്പറ്റി മലയാളനിരൂപകന്മാർക്കിടയിൽഒരു വാദപ്രതിവാദം നടന്നിരുന്നുവല്ലൊ. തപസ്വിയായ ശിവൻ, തന്റെ മുമ്പിൽവന്നു പ്രണമിച്ച പാർവതിയെ "നിനക്കു് അനന്യഭാക്കായ പതി ഉണ്ടായി വരട്ടെ" എന്നനുഗ്രഹിച്ചു എന്നു പറയുന്ന ശ്ലോകത്തിൽ കാളിദാസൻ ചിരിച്ചിട്ടുള്ളതായി ശ്രീ കുട്ടിക്കൃഷ്ണമാരാർ സമർത്ഥിച്ചിരിക്കുന്നു. എന്തിന്റെ നേർക്കാണു് അവിടെ കാളിദാസൻ ചിരിച്ചതു്? വിഷയവിരക്തനെന്ന ഭാവത്തിൽ കൊടുംതപസ്സനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന പാർവതിയോടു തികച്ചും അനാഭിമുഖ്യം കാണിച്ചു് അവൾക്കു മറ്റൊരു നല്ല ഭർത്താവുണ്ടാവാൻ ആശംസിക്കുന്ന ശിവൻ അടുത്ത ഭാവിയിൽ ഈ നിഷ്ഠകളിൽ നിന്നെല്ലാം പതറി, താൻതന്നെ അവളുടെ ഭർത്താവായിത്തീരാൻ പോവുകയാണല്ലൊ എന്ന വിചാരമാണു് അവിടെ ചിരിക്കുള്ള കോപ്പു്. അവിടെ കാളിദാസൻ ചിരിച്ചതു് ഈ വാക്കുകളിലൂടെയാണു്: "ഈശ്വരന്മാരുടെ അരുളപ്പാടുകൾ ഫലരഹിതമായിപ്പോവുകയില്ലല്ലൊ".

അസ്ഥാനത്തും അകാലത്തും ഉണ്ടാകുന്ന സംഗതികൾ ചിരിക്കു കാരണമായിത്തീരുന്നു. അവ പരാജയഹേതുകങ്ങളും ആയിരിക്കും. ഉദാഹരണത്തിന്നു്, കണ്ഠാഭരണം കാലിലും പാദസരം കഴുത്തിലും അണിഞ്ഞുകണ്ടാൽ ചിരിക്കാതെ വയ്യ. സൗന്ദര്യനിർമ്മാണപരമായ അവയുടെ ഉദ്ദേശം പരാജയപ്പെ

ടുകയും ചെയ്യും. ഭാര്യാഭർത്താക്കന്മാർ തമ്മിൽ പ്രണയപൂർവം കടാക്ഷിക്കുന്നതു കണ്ടാൽ അതിൽ പരിഹാസ്യമായി യാതൊന്നുമില്ല. എന്നാൽ ദമ്പതികളല്ലാത്ത സ്ത്രീപുരുഷന്മാരുടെ ഗൂഢപ്രണയം ഹാസവിഷയകമാകാറുണ്ട്. അന്യപത്നിയെ കാംക്ഷിക്കുന്ന വിടന്റെ അസ്ഥാനസ്ഥമായ പെരുമാറ്റങ്ങൾ അപഹാസ്യമത്രെ. സമുദായാംഗീകാരം ലഭിച്ചിട്ടില്ലാത്ത കാമിനീകാമുക പ്രണയചേഷ്ടകളുടെ നേരെ ആളുകൾ ഊറിച്ചിരിക്കാറുണ്ട്. അകാലത്തിലുള്ള ആരംഭമാണ് അവിടെ ഹാസവിഷയം.

വീക്ഷണവ്യത്യാസങ്ങളും അഭിപ്രായഭേദങ്ങളും നിമിത്തം, ഒരേ സംഗതി ചിലർക്കു ഹാസവിഷയമായും മറ്റു ചിലർക്ക് അങ്ങനെ അല്ലാതെയും വരാറുണ്ട്. കാലാന്തരത്തിൽ തെറ്റു ശരിയായി മാറുമ്പോൾ, അഥവാ പരാജയപ്പെട്ട സംഗതികൾ വിജയത്തിലേക്കെത്തുമ്പോൾ അന്നു നോക്കിച്ചിരിച്ചവ, ഇന്നു ചിരിപ്പിക്കാതെയും വരും. ചങ്ങമ്പുഴയുടെ കവിതാരീതിയുടെ നേർക്കു സഞ്ജയൻ ഇടവിടാതെ ചൊരിഞ്ഞ പരിഹാസങ്ങൾ, പിന്നീടു ചങ്ങമ്പുഴക്കാവ്യരീതി വിജയിച്ചപ്പോൾ, ആളുകളെ ചിരിപ്പിക്കാതായിട്ടുണ്ട്.

ഉയർന്നവിഭാഗം ഇടത്തരക്കാരുടെ വീക്ഷണഗതിയാണ് അടുത്തകാലംവരെ മലയാളസാഹിത്യത്തിൽ സ്വാധീനതചെലുത്തിയിരുന്നതു്. സാഹിത്യം രചിച്ചിരുന്നതു് അവരാകയാൽ അതു സ്വാഭാവികമാണല്ലൊ. സി.വി., ഈ. വി. എന്നിവരുടെ പ്രതിഭാമണ്ഡലത്തിൽ പങ്കുപറ്റിക്കൊണ്ടു് തിരുവിതാംക്കൂറുകാരായ പലരും രചിച്ചനാടകങ്ങളിൽ, വീട്ടുവേലക്കാരുടെ വിഡ്ഢിത്തങ്ങളും വാക്പിഴവുകളും മറ്റുംകൊണ്ടു ചിരിക്കുന്ന രംഗങ്ങൾ സൃഷ്ടിച്ചിട്ടുള്ളതായികാണാം. പാവപ്പെട്ടഅധ്യാപകന്റെ ജീവിതപരാജയങ്ങളുടെനേർക്കു ചിരിമുഴക്കുന്ന പല കഥകളും അടുത്തകാലത്തുണ്ടായിട്ടുണ്ട്. തൊഴിലാളികൾസംഘം ചേരുന്നതിനെയും, കൂലിക്കൂടുതലിനും ജോലിസമയക്കുറവിനും ആവശ്യപ്പെടുന്നതിനേയും പണിമുടക്കു സമരത്തിനിറങ്ങുന്നതിനേയും സഞ്ജയൻ പരിഹസിച്ചിട്ടുണ്ട്.

സംസ്കാരവ്യത്യാസം ഹാസ്യവസ്തുക്കളേയും വകതിരിക്കുന്നുണ്ട് പൌരോഹിത്യത്തിന്റെ മറയിൽനിന്നുകൊണ്ടു്, പരധനം ചൂഷണം ചെയ്തു സുഖങ്ങളനുഭവിച്ചു നായർവീടുകളിൽകയറി ഇഷ്ടംപോലെ സംബന്ധവും ചെയ്തിരുന്ന നമ്പൂതിരിവർഗ്ഗത്തിന്റെ കാമാവിഷ്ടമായ കന്നത്തങ്ങൾ ഹാസ്യമെന്നപേരിൽ ഇവിടെ അറിയപ്പെട്ടുവന്നിട്ടുണ്ട്. ഭാര്യാഭർത്താക്കന്മാർഒരുമിച്ചിരിക്കുന്നതു പരിഹാസ്യമായി ആർക്കും തോന്നാറില്ല. എന്നാൽ,



രഹന



ദ്രൗപതി
വിശപ്പിന്റെ വിളിയിൽ



പി. കെ. സരസ്വതി
വേലക്കാരൻ എന്ന ചിത്രത്തിൽ



മാസ്റ്റർ സേത



മധുബാല



ഉഷ



നസീർ (വിശപ്പിന്റെ വിളയിലും

കന്ദർപ്പാദയാധനത്തി
ന്നഭിരുചിപെരുകീ-
ട്ടങ്ങുചെല്ലുന്നനേരം
കന്നൽക്കാർവേണിതാനും
കണവനുമൊരുമി-
ച്ചങ്ങുവാഴുന്നകാണാം.
എന്നേവൈഷമ്യമെന്നി
ട്ടതിബതകരുതീ-
ട്ടിങ്ങുപോന്നിട്ടു പിന്നെ-
ച്ചെന്നാലും കാണുമച്ചി
ക്കൊതിയനെ നിധികാ
ക്കുന്നഭൂതംകണക്കെ.

എന്ന പരിഹാസം ഒരു മാനസിക വൈകൃതത്തിന്റെ സൂചനയായേ കണക്കാക്കാൻകഴിയൂ. സ്വന്തം അഭിലാഷപൂർത്തിതരപ്പെടാതെ പരാജയപ്പെട്ടു് ഇളിഭ്യത്തം പൂണ്ടു് കൊഞ്ഞനം കാണിക്കുന്ന കവിയുടെ ഈ ഭാവമാണു് പരിഹാസ്യം. ബ്രാഹ്മണവർഗ്ഗത്തിന്റെയും രാജാക്കന്മാരുടെയും അഷ്ടിപ്രിയതാദത്തെയും അംഗനാകാമത്തെയും മററും കുഞ്ചൻനമ്പ്യാർ കണക്കിനു കളിയാക്കിയിട്ടുണ്ടു്.

പരാജയഹേതുക്കളായ വൈകൃതങ്ങളും ഗോഷ്ടികളും കണ്ടാൽ ആളുകൾ ചിരിക്കും. ആളുകളെ ചിരിപ്പിക്കാൻ ഇല്ലാത്ത വൈകൃതങ്ങളും ഗോഷ്ടികളും ഉണ്ടാക്കി കാണിക്കാറുണ്ടു്. സർക്കസ്സുകളിലെ ക്ലൗണും, വെള്ളരിനാടകത്തിലെ ബഫൂണും സിനിമയിലെ എൻ.എസ്സ്.കൃഷ്ണൻ ടൈപ്പുകാരും, അംഗങ്ങൾക്കും, ചലനങ്ങൾക്കും സംഭാഷണങ്ങൾക്കും മററും വൈകൃതങ്ങൾ വരുത്തി ആളുകളെ ചിരിപ്പിക്കുന്നു. ഇതു പൊള്ളഹാസ്യമാണു്. മറേറതു് അഭിനയത്തെയും ഇതരകലകളെയുംപോലെ യാഥാർത്ഥ്യബന്ധമുണ്ടെങ്കിൽ മാത്രമേ ഹാസ്യാഭിനയവും വിജയകരവുമാവുകയുള്ളൂ. അസ്ഥാനത്തുള്ള ഗോഷ്ടികൾ അറപ്പുണ്ടാക്കുകയേ ചെയ്യൂ.

എല്ലാരസങ്ങളും ഉല്ലാസജനകങ്ങളാണു്. ഹാസ്യം രസങ്ങളിലൊന്നുമാത്രം. ചമൽക്കാരപൂർവമായ ഏതുക്തിയേയും ഹാസ്യമെന്നു തെററിവിളിച്ചുപോകും. അതു സൂക്ഷിക്കണം. ഭാഷയിലെ ഹാസ്യാനുകരണങ്ങൾ എന്നറിയപ്പെടുന്ന കൃതികളിൽ തന്നെ രണ്ടുവിഭാഗങ്ങളുള്ളതായി കാണാം. ചിലതിന്റെ അവലംബങ്ങൾ ശരിക്കു ഹാസ്യവസ്തുക്കൾ തന്നെയായിരിക്കും. മററു ചിലതു് അങ്ങിനെയല്ല. ഉദാഹരണത്തിനു ചങ്ങമ്പുഴയുടെ "വികാസ, വികാസം" എന്ന കവിതയ്ക്കു, സഞ്ജയൻ എഴുതിയ "പിരാന്തു്, പിരാന്തു്" എന്ന ഹാസ്യാനുകരണമറുപടി, ചങ്ങമ്പുഴക്കവിതയെ പരിഹസിച്ചുകൊണ്ടുള്ളതു തന്നെയാണു്. എന്നാൽ വള്ളത്തോളിന്റെ "എന്റെ ഗുരുനാഥൻ" എന്ന കൃതിയെ അനുകരിച്ചുകൊണ്ടു മാധവജി എഴുതിയ "എന്റെ ഗുരുനാഥനല്ല" എന്ന കൃതി അങ്ങനെയാണോ? ചിരിക്കിവിടെ വകതിരിവു കല്പിക്കേണ്ടതായി വരുന്നു. ഒന്നു പരിഹസിച്ചു ചിരിക്കൽ. മറേറതു രസിച്ചുചിരിക്കൽ. ഉള്ളൂരിന്റെയും വള്ളത്തോളിന്റെയും മററും കാവ്യശൈലിയെ അനുകരിച്ചുകൊണ്ടു സീതാരാമനെഴുതിയിട്ടുള്ള കൃതികളും ഈ രസിച്ചുചിരിക്കലിന്റെ വിഭാഗത്തിൽപെട്ടതാണു്.

ചിരിയിൽ ആക്ഷേപവും അനുഭാവവുമുണ്ടു്. പററിപ്പോയ പരാജയത്തെ മാററുവാനുള്ള പ്രേരണയും സഹായവുമാണു് അതിലുൾപ്പെടുന്നതു്. നശീകരണോദ്യുക്തമായ ഭ്രാന്തൻ ചിരിയെ ഇക്കൂട്ടത്തിൽ പെടുത്തുന്നില്ല. ശരിക്കുള്ള ആക്ഷേപച്ചിരി, തെററു തിരുത്തുവാനുള്ള പ്രചോദനമാണു്. മലബാറിൽ സഞ്ജയൻ മുഴക്കിയ ചിരിയിൽ ഒരു വലിയഭാഗം അത്തരത്തിൽപ്പെട്ടതു തന്നെയായിരുന്നു. ഇന്ത്യയിൽ ഇന്നു ശങ്കറിന്റെ രാഷ്ട്രീയകാർട്ടൂണുകൾ ഉളവാക്കുന്ന പൊട്ടിച്ചിരികളും പരിഹാരപ്രേരകമായ ആക്ഷേപഹാസമാണു്.

മനുഷ്യൻ പൂർണ്ണതയിലേക്കു പ്രയാണം ചെയ്യുകയാണെന്നു് എല്ലാവരും പറയാറുണ്ടു്. ആ ലക്ഷ്യം പ്രാപിക്കുന്നതിനുമുമ്പ് അനേകമനേകം വീഴ്ചകൾ പററുക സാധാരണമാണു്. അവനവനു പററുന്ന വീഴ്ചകളുടെ നേർക്കു ചിരിക്കാൻ സാധിക്കുമെങ്കിൽ അതൊരു നേട്ടമത്രേ. കാരണം ചിരി നൈരാശ്യത്തെ അകററുന്നു; തുടർന്നു പ്രവർത്തിക്കുവാൻ പ്രേരണ നൽകുന്നതുകൂടാതെ ഉന്മേഷത്തെ ഉളവാക്കുന്നു. അന്യർക്കു പററുന്ന വീഴ്ചകളെ അവനവനു പററാവുന്ന വീഴ്ചകൾ എന്നു കരുതിക്കൊണ്ടു വേണം വീക്ഷിക്കുക. മനുഷ്യർ വീഴുന്നതു കണ്ടാൽ ചിരിക്കാം. പക്ഷെ, അടുത്ത നിമിഷത്തിൽ കൈ കൊടുത്തെഴുന്നേല്പിക്കുവാനുള്ള സന്നദ്ധതയോടുകൂടിയായിരിക്കണം അങ്ങനെ ചെയ്യുന്നതു്.

തിരുവന്നൂർ മഹിളാസമാജത്തിന്റെ പുരോഗതി

വി. ഭാരതി

"കേരള പെൺമണികളുക്കു യാതും ഒൻറും ഉപദേശം ശൊല്ല വേണ്ടിയതില്ലൈ." സ്ത്രീകളുടെ സംഘടനാപരമായും, ഗാർഹികമായും, മറ്റെല്ലാ തരത്തിലും അവരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ചു തുടങ്ങിയ വനിതാ മാസികയായ "അരുണ"യുടെ ജന്മദിനത്തിൽ രാജാജിയയച്ച സന്ദേശത്തിലെ ഒന്നാമത്തെ വരിയാണിതു്. ഇതു് ഏറെക്കുറെ ശരിയാണു്. എത്രയോ പ്രാവശ്യം കേരളീയർക്കു പുറമേ നിന്നു കിട്ടീട്ടുള്ള ആശംസകൾ ഇങ്ങനെയൊക്കെത്തന്നെയാണു്. എത്രയോ പ്രസംഗമണ്ഡപങ്ങളിൽ നിന്നും നമ്മുടെ പച്ചപിടിച്ച മലനാടിനേയും, കേരവൃക്ഷങ്ങളേയും, നെൽവയലുകളേയും പററി പുകഴ്ത്തി പുറമേ നിന്നു വന്ന മഹാന്മാർ സ്വയം കൃതാർത്ഥരായി മടങ്ങുകയാണു് പതിവു്. കേരളവനിതകൾ വടക്കൻ പാട്ടുകളിലൂടെ അവരുടെ ധൈര്യവും സ്ഥൈര്യവും പുലർത്തി പോന്നിട്ടുമുണ്ടു്.

ഇങ്ങിനെയൊക്കെയാണെങ്കിലും നമ്മുടെ നാട്ടിലെ സാധാരണ സ്ത്രീകൾ വിദ്യാഭ്യാസത്തിന്റെ അജ്ഞതയാലും, സാഹചര്യത്തിന്റെ സമ്മർദ്ദത്തിലും തങ്ങളുടെ പിഞ്ചു പൈതങ്ങളെ വളർത്തുന്ന കാര്യം മുതൽ, അടുക്കളക്കാര്യം വരെയുള്ള സംഗതികളിൽ പോലും ഇന്നും അജ്ഞരാണു്. "യാർ ഉപദേശം ചൊന്നാലും നന്നായിപ്പോകാറതില്ലൈ" എന്ന നിലവരെ അധഃപതിച്ച വനിതാമണികളും കേരളത്തിന്റെ ചില മൂലകളിലുണ്ടെന്നുള്ളതാണു പരമാർത്ഥം.

വിദ്യാസമ്പന്നരായ സ്ത്രീകളാണെങ്കിൽ തങ്ങളോളം ഉയർന്ന വിദ്യാഭ്യാസവും, പദവിയും, സാമ്പത്തികനിലയും ഇല്ലാത്ത, ചുററുപാടുമുള്ള പാവങ്ങളോടടുക്കുവാൻ മടിക്കുന്നു. വിദ്യാശൂന്യർക്കു വിതരണം ചെയ്യുന്നതുകൊണ്ടേ തങ്ങളുടെ അറിവും കഴിവുകളും ശരിയാംവണ്ണം ഉപയോഗപ്പെടുകയുള്ളൂ എന്ന വസ്തുത അവർ വിസ്മരിക്കുന്നു. ചിലരുടെ നിഘണ്ടുവിൽ സമവീക്ഷണം എന്ന ഒരു വാക്കുതന്നെ കാണുന്നില്ല.

ഇത്തരം പരമാർത്ഥങ്ങൾ കണ്ടറിഞ്ഞു് അതിന്നൊരു പോംവഴി കണ്ടുപിടിക്കാൻ മഹിളാസമാജങ്ങൾ പല സ്ഥലത്തും പ്രവർത്തിക്കുന്നുണ്ടു്. നമ്മുടെ കാര്യം പറയാനും നമുക്കു വേണ്ട ഉപദേശം തരാനും നമുക്കു പൊതുവെ ഒരു മാസികയുമുണ്ടു്—"അരുണ". അതു മുഖേന സമാജങ്ങൾക്കു സംസാരിക്കുകയും പരിചയപ്പെടുകയും ചെയ്യാം.

മിസ്സിസ് ശ്രീദേവി വർമ്മക്കും, വിദ്യാസമ്പന്നരും പൊതുസേവനതല്പരരുമായ ഏതാനും സ്ത്രീകൾക്കും, തിരുവന്നൂരിലും ഇത്തരം ഒരു സമാജം ആവശ്യമാണെന്നു തോന്നിയതിന്റെ ഫലമായി 1126 ചിങ്ങം 1-ാം നു- ഉടലെടുത്തതാണു പ്രസ്തുത സമാജം. സ്ത്രീകളെ അവരുടെ സ്ഥിതിഗൗരവം മനസ്സിലാക്കിച്ചു്, ആദർശപരമായൊരു ജീവിതത്തിലേക്കു നയിക്കുക എന്നതാണു് ഈ സമാജത്തിന്റെ പ്രഥമവും പ്രധാനവും ആയ ഉദ്ദേശം. ശ്രീമതി ബാലാമണിഅമ്മയുടെ അദ്ധ്യക്ഷതയിൽ ഇക്കഴിഞ്ഞ വാർഷികം കൊണ്ടാടിയ അവസരത്തിൽ ശ്രീമതി ഒ. ടി. ശാരദാ കൃഷ്ണൻ ഈ വക സംഗതികൾ വ്യക്തമാക്കുകയും ഉണ്ടായിട്ടുണ്ടു്. ഹിന്ദിപഠനം, തുന്നൽപരിശീലനം തുടങ്ങിയവയും, കൈകൊട്ടിക്കളി, കുമ്മി, നൃത്തം, കാരംസ്, ടേബിൾ ടെന്നീസ് തുടങ്ങിയ പ്രാചീനവും, നവീനവുമായ പല വിനോദങ്ങളും ഏർപ്പെടുത്തീട്ടുണ്ടു്. സ്ത്രീകളുടെ ഭാരിച്ച ജീവിതംതന്നെ ലഘൂകരിക്കാനും, അവരെ എല്ലാ തുറകളിലും പ്രാപ്തരാക്കിക്കൊണ്ടു വരാനും സമാജം അശ്രാന്തം പരിശ്രമിക്കുന്നതാണു്. ഇതു കേവലം ഫാഷനു വേണ്ടിമാത്രമാകരുതു് എന്ന തികഞ്ഞ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്നു എന്നു കാണുന്നതിൽ ശ്രീമതി ശ്രീദേവി വർമ്മയോടു് ഇന്നാട്ടുകാർ കടപ്പെട്ടവരാണു്. ചുററുപാടും, അയൽപക്കത്തുമുള്ള ലീലയും, താലയും, ചീരുവും, സരോജവും, ആഷയും, അയിഷയും, മേരിയും എല്ലാം ഒന്നാണെന്നും തങ്ങളെല്ലാം സ്ത്രീകളാണെന്നും തങ്ങൾക്കൊക്കെയും ഗാർഹികപ്രശ്നം, കുട്ടികളെ വളർത്തൽ, വിദ്യാഭ്യാസപരമായ അവകാശങ്ങൾ, അജ്ഞതയിൽ നിന്നുള്ള മോചനം, ആതുരശുശ്രൂഷ, കലാപരമായ സേവനം ഇങ്ങിനെയുള്ള എല്ലാ തുറകളിലും ഒന്നായി നിൽക്കണം എന്നും അങ്ങിനെ നല്ലനിലയിലുള്ളൊരു സമുദായത്തെ സൃഷ്ടിക്കണമെന്നുമുള്ള ബോധം ഇനിയും ജനങ്ങളിൽ വളരേണ്ടതായിട്ടാണിരിക്കുന്നതു്. അതിന്നായി ഇത്തരം സംഘടനകൾ എത്രയോ ഇനിയും കെട്ടിപ്പടുക്കേണ്ടിയിരിക്കുന്നു.

കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും നെല്ലുണ്ടാം

കെ. ജെ നൈനാൻ ബി. എസ്‌ സി.

(ഈ കുംഭമാസത്തിൽ ഉണ്ടായ മഴയും കൃഷിയും തമ്മിലുള്ള ബന്ധമെന്താണെന്നു ശാസ്ത്രീയമായ വിധത്തിൽ ലേഖകൻ വിശദീകരിക്കുന്നു. കുംഭത്തിൽ മഴ പെയ്താൽ കൃഷിക്കു വളരെ നല്ലതാണെന്നാണു പൂർവികരുടെ അഭിപ്രായം. "മകരത്തിൽ മഴ പെയ്താൽ മലയാളം മുടിഞ്ഞുപോം" എന്നും ഒരു പഴഞ്ചൊല്ലുണ്ടു്. ഈ വിഷയത്തെപ്പറ്റി കൃഷിശാസ്ത്രവിദഗ്ദ്ധനായ ശ്രീ കെ. ജെ. നൈനാൻ ബി. എസ്‌സിയുടെ വിശകലനം രസകരവും അവസരോചിതവുമാണു്.

—പത്രാധിപർ)

പൂർവകാലം മുതലേ ഈ പഴഞ്ചൊല്ലു മലയാളത്തു നടപ്പിലുള്ള ഒന്നാണു്. എന്താണിതിന്റെ സാരം. കരനെൽ കൃഷിയെപ്പറ്റിയാണിതെന്നുള്ളതിനു രണ്ടുപക്ഷമില്ല. മേടത്തിലിറക്കുന്ന കരനെൽ കൃഷിക്കു മണ്ണൊരുക്കുന്നതിനു കുംഭത്തിലെ മഴ വളരെ സഹായിക്കുമെന്നും മണ്ണിനു മഴയും കായ്‌വും ഏറ്റു പാകപ്പെട്ടു കിടക്കുമെന്നും അപ്രകാരമുള്ള മണ്ണിൽ ഇടുന്ന നെൽവിത്തു മേടത്തിലെ ആദ്യമഴയ്ക്കു പൊടിച്ചുവന്നു ശക്തിയായ ചിനപ്പോടുകൂടി വളർന്നു ഫലംതരുന്ന അവസരത്തിൽ ഒന്നു പത്തായും നൂറായുംവിളയുമെന്നുമാണു പഴവന്മാർ ഈ പഴഞ്ചൊല്ലുകൊണ്ടു നമ്മെ ധരിപ്പിക്കാൻ ഉദ്ദേശിക്കുന്നതു്.

നമ്മുടെ ഭൂമിയിൽ സാധാരണ മകരമാസത്തിലെ ചൂടുകൊണ്ടു പുല്ലും മറ്റു ചെറുസസ്യങ്ങളും കരിയുന്നുമുണ്ടു്. ഈ നാട്ടിൽ ഈ കാലത്തു കാടു തെളിച്ചിടുക പതിവുമുണ്ടു്. അപ്പോഴത്തെ വറവിൽ ഈ തെളിച്ചിട്ട കാടിനു തീവെച്ചു് എരിച്ചിടുക സാധാരണയാണു്. ഈ വിധം ഒരുക്കപ്പെട്ട ഭൂമിയിൽ കുറെ സസ്യങ്ങളുടെ അവശിഷ്ടങ്ങളും മറ്റും കാണും. അവ ഉഴവു



ഉഴവുകൊണ്ടു ദ്രവീകരണം ദ്രുതതരമാകുന്നു. ട്രാക്ടർ ഉപയോഗിച്ചുള്ള ഉഴവാണു് ഈ ചിത്രത്തിൽ കാണുന്നതു്.

സ്ഥാനമാനങ്ങൾക്കുവേണ്ടി സംഘത്തിൽ കടന്നുകൂടുകയും, സംഘടനവിട്ടുനിൽക്കുകയും ചെയ്യുന്ന ദുഷിച്ച സമ്പ്രദായം പലേടങ്ങളിലും കാണുന്നു. അതു തെറ്റാണെന്നു പറയാതെ നിവൃത്തിയില്ല. ഗാന്ധിജി നമുക്കു സ്വാതന്ത്ര്യം നേടിത്തന്ന മഹത്തായ ഒരു സംഘടനയുടെ സാരഥിയായിരുന്നു. അദ്ദേഹം പലപ്പോഴും പറയാറുള്ള ഒരു കാര്യം നമുക്കു സ്മരണീയവും മാർഗ്ഗദർശകവുമായിരിക്കട്ടെ. "ഞാൻ കോൺഗ്രസിൽ ഒരു നാലണാമെമ്പർ കൂടിയല്ല."

നമ്മുടെ ചുറ്റുപാടുമുള്ള സാധാരണക്കാരായ എല്ലാ സ്ത്രീകളെയും ഉൾക്കൊള്ളിച്ചുകൊണ്ടു കൂടുതൽ വിപുലമായ അടിസ്ഥാനത്തിൽ തിരുവന്നൂർ മഹിളാസമാജം പ്രവർത്തിക്കുമെന്നും അപ്രദേശത്തെ അഭ്യസ്തവിദ്യരായ ഓരോ സ്ത്രീയും തങ്ങളുടെ എല്ലാ കഴിവും അതിന്നായി വിനിയോഗിക്കുമെന്നും പ്രത്യാശിക്കുന്നു.

കൊണ്ടും കിളച്ചു കൊണ്ടും മണ്ണിനടിയിൽ ആക്കിക്കൊടുക്കണമെങ്കിൽ ഒരു നല്ല മഴ ആവശ്യമാണ്. ഇവ ഈവിധം മണ്ണിനടിയിൽപ്പെട്ടാൽ ഇര, ചിതൽ മുതലായ കീടജന്തുക്കളും ലക്ഷോപലക്ഷം അണുജീവികളും അവയെ ദ്രവീകരിച്ചു ചെടികൾക്കു വേണ്ട ലവണങ്ങളാക്കിത്തീർക്കും. തന്മൂലം മണ്ണിൽ അവ ദ്രവിച്ചു ചേരുകയും മണ്ണിന്റെ വളക്കൂറു വർദ്ധിക്കുകയും ചെയ്യും. എം.സി.റോഡരികിൽ ചെങ്ങന്നൂരും മററും ഉള്ള കരപ്പാടങ്ങളിൽ പതമുള്ളപ്പോൾ ഒന്നുരണ്ടുഴവു കഴിഞ്ഞു നോക്കിയാൽ കച്ചിത്തുരുമ്പുകൾ ദ്രവിച്ചതായിക്കാണാം. നേരേ മറിച്ചു മകരത്തിൽ മഴ പെയ്താൽ കാടു് ഉണങ്ങിക്കിട്ടുകയില്ല പുല്ലു കരിഞ്ഞുകിട്ടുകയുമില്ല. ജൈവസാധനങ്ങളിന്മേൽ ഉള്ള അണുജീവികളുടെ പ്രവർത്തനത്തിനു വെള്ള പശിമയും അന്തരീക്ഷത്തിലെ ചൂടും അനുകൂലമായിരിക്കണം. വരണ്ടുകിടക്കുന്ന ഭൂമിയിൽ അണുജീവികൾ ശക്തിയായി പ്രവർത്തിക്കുന്നില്ല. അതേപ്രകാരം ശൈത്യപ്രദേശത്തു ജൈവസാധനങ്ങൾ ശീഘ്രം ദ്രവീകരിക്കപ്പെടുന്നില്ല. വെള്ള പശിമ ഉള്ളടത്തു കുംഭമാസത്തിലെ ചൂടു ദ്രവീകരണത്തിനു പററിയതാണ്. 10°C(50°F) ഊഷ്മാവിൽ കുറഞ്ഞാൽ ദ്രവീകരണം വളരെ സാവധാനമാണെന്നും 37°C(98°F) ഊഷ്മാവിൽ ഉത്തമമായ ദ്രവീകരണം നടക്കുന്നെന്നും 50°C(120°F) ഊഷ്മാവിനുമേൽ അണുജീവികളുടെ സഹായം മൂലമുള്ള ദ്രവീകരണം നടക്കുകയില്ലെന്നും ശാസ്ത്രജ്ഞന്മാർ പറയുന്നു.

കുംഭമാസം കഴിഞ്ഞു തെക്കൻ ചായ്‌വു മാറുകയും ചൂടു കൂടുകയു മാണല്ലോ ചെയ്യുന്നതു്. അതിനാൽ കുംഭത്തിലെയും മീനത്തിലെയും മേടത്തിലെയും ചൂടു് നേക്കാൾ വർദ്ധിക്കുകയാണു ചെയ്യുന്നതു്. തന്മൂലം കുംഭത്തെപ്പോലെ അണുജീവികളുടെ പ്രവർത്തനത്തിനു പററിയതല്ല സാധാരണ മേൽമണ്ണിലെ ചൂടു്.

ജൈവസാധനങ്ങൾ ദ്രവീകരിക്കപ്പെടുമ്പോൾ വെടിയുപ്പ് മുതലായ ലവണങ്ങൾ മണ്ണിൽ ഉണ്ടാകുന്നതിനാലാണു പഴയ എരിത്തിലുകളുടെ വിളമ്പുകളിൽ വെടിയുപ്പു കാണപ്പെടുന്നതു്. വെടിയുപ്പ് സസ്യങ്ങൾക്കു് അതിവിശിഷ്ടമായ ഒരു വളമാണ്. ഈ വിശിഷ്ട ലവണങ്ങൾ മണ്ണിൽ പ്രകൃത്യാ ഉണ്ടാകുന്നതിനാണു നാം മണ്ണ് ഉഴുതും കിളച്ചും ഇടുന്നതു്. ഈ വിധം ഉണ്ടാകുന്ന ലവണങ്ങൾ മീനമാസത്തിലെ മഴവെള്ളത്തിൽ

പ്രേമത്തിനും കണ്ണുനീരിനും കലയുടെ കരസ്പർശമേൽക്കുന്നു.
അബ്ബാസിന്റെ കല—രാജ്കപൂരിന്റെ ചലച്ചിത്രസംവിധാനം.

അവാരാ

ഇന്ത്യയിലെ പുരോഗമനസാഹിത്യകാരന്മാരുടെ ഇടയിൽ ശ്രീ കെ.എ.അബ്ബാസിനു് അതിമഹനീയമായ ഒരു സ്ഥാനമുണ്ടെന്നു സകലരും സമ്മതിക്കും. അനീതിയുടെയും അധർമ്മത്തിന്റെയും അക്രമത്തിന്റെയും നേരെ ആ തുലികാശല്ല്യൻ സന്ധിയില്ലാത്ത സമരം നടത്തിയിട്ടുണ്ടു്. ഭാവനയുടെ കുളിർപൊയ്കയിലൂടെ തന്റെ മോഹനസ്വപ്നങ്ങളുടെ കളിത്തോണിയിൽ കയറി തുഴഞ്ഞു പോകുവാനും ഗംഭീരസമരരംഗത്തു ധർമ്മത്തിന്റെയും സത്യത്തിന്റെയും നീതിയുടേയും മുന്നണിപ്പടയാളിയായി നിന്നു പൊരുതുവാനും ആ മനുഷ്യസ്നേഹിയായ കലാകാരനു കഴിയും. "ക്ഷീണിക്കാത്ത മനീഷിയും മഷിയുണങ്ങാത്ത പൊൻപേന"യുമാണു് അദ്ദേഹത്തിന്റെ സമ്പത്തു്. ഒരുത്തൻ മാത്രം മടങ്ങിയില്ല, രക്തവും കല്ലുകളും, അനശ്വരതയിലേക്കുള്ള ക്ഷണം തുടങ്ങിയ അദ്ദേഹത്തിന്റെ പേർപെററ കൃതികൾ സാഹിത്യപുരോഗതിയുടെ നെടുംപാതയിൽ എന്നെന്നും നിലനിൽക്കുന്ന നാഴികക്കല്ലുകളാണു്. അ



അബ്ബാസ്

ബ്ബാസിന്റെ ജ്വലിക്കുന്ന ഭാവനയുടെ തിളങ്ങുന്ന സന്താനമായി കണക്കാക്കാവുന്ന ഒന്നാണു ധർധി കിലാൽ (മണ്ണിന്റെ മക്കൾ)

അബ്ബാസാണു് രാജ്കപൂറിന്റെ ആവാരയുടെ കഥ എഴുതിയിരിക്കുന്നതു്. തിളച്ചുമറിയുന്ന ജീവിതത്തിൽ തന്റെ പേന മുക്കി എഴുതുക എന്നതു് ഒരു സാമൂഹ്യ കർത്തവ്യമായി ഇതുവരെ കരുതിവന്നിട്ടുള്ള മി.അബ്ബാസ് ആവാരയിൽ തന്റെ കൊടി നാട്ടിയിരിക്കുന്നുവെന്നുതന്നെ പറയാം.

കഥ

കുററവാളിയുടെ മകൻ എന്നും കുററവാളിയായിരിക്കും എന്ന തത്വത്തിൽ ചെയ്തിട്ടില്ലാത്ത കുററത്തിനു "ജഗ്ഗായെ" ന്യായാധിപനായ രഘുനാഥ് ശിക്ഷിക്കുന്നു.

പ്രതികാരബുദ്ധിക്കടിമപ്പെട്ടു ജഗ്ഗാ ന്യായാധിപന്റെ ഗർഭിണിയായ ഭാര്യ ലീലയെ അപഹരിക്കുന്നു.

ന്യായാധിപന്റെ പുത്രനോടു പ്രതികാരം ചെയ്തുകൊള്ളാമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി ഗർഭിണിയായ ലീലയെ തിരിച്ചയക്കുന്നു.

ബന്ധുക്കളുടെ പ്രേരണയാൽ പാവം ലീല ബഹിഷ്കൃതയായി.

നിത്യദാരിദ്ര്യത്തിന്റെയും കൊടുംപട്ടിണിയുടേയും നടുവിൽ നിസ്സഹായയായ ലീലക്കു രാജ് എന്നൊരു പുത്രൻ ജനിക്കുന്നു.

രാജ് സ്കൂളിൽ ചേർന്നു. സ്കൂളിൽ ചേർന്ന രാജ് സഹപാഠിയായ റീതയുടെ ജന്മദിനാഘോഷത്തിനു ക്ഷണിക്കപ്പെടുന്നു. അവിടെവച്ചു തന്റെ പിതാവാരെന്നു വെളിപ്പെടുത്തുവാൻ കഴിയാതെ വന്ന രാജ് രഘുനാഥനാൽ അപമാനിതനായി.

പട്ടിണിയിലും പരിവട്ടത്തിലും കഴിയുന്ന അവസരത്തിൽ അമ്മയു

ലയിച്ചുപോയി മണ്ണ് ദരിദ്രമാകുമ്പോൾ കരപ്പാടങ്ങളിലെ വിത്തിടീലിനു "പതംപിഴച്ചു" "പരുവം തെററി" എന്നൊക്കെ കർഷകർ പറയുന്നു. കുംഭമാസത്തിലെ മഴ നെൽകൃഷിക്കെന്നു മാത്രമല്ല തെങ്ങിനും, ഏത്തവാഴക്കും, കരിമ്പിനും ഒക്കെത്തന്നെ നല്ലതാണു്. മഴവെള്ളത്തിന്റെ പശിമ വിടുന്നതിനുമുമ്പു കിളക്കുകയും ഉഴുകയും വളം ചേർക്കുകയും ചെയ്താൽ നമ്മുടെ കൃഷികൾ തഴച്ചു വളരുകയും മെച്ചമായ ഫലം തരികയും ചെയ്യും.



ടെ ജീവനെ രക്ഷിക്കുവാൻ രാജ് ഒരു കഷണം അപ്പം മോഷ്ടിക്കുന്നു.

ഈ സംഭവത്തെ തുടർന്നു രാജ് ദുർഗ്ഗുണ പരിഹാരപാഠശാലയിൽ അടയ്ക്കപ്പെട്ടു.

ദുർഗ്ഗുണപരിഹാര പാഠശാലയിൽവച്ചു മോഷണത്തിന്റെ ബാലപാഠങ്ങൾ അഭ്യസിച്ച രാജ് പന്ത്രണ്ടു കൊല്ലക്കാലം കൊണ്ടു ജഗ്ഗയുടെ തസ്കരസംഘത്തിലെ ഒരു പ്രധാന പങ്കാളിയായിത്തീരുന്നു.

കാർ മോഷണത്തിൽ വ്യാപൃതനായിരുന്ന രാജ് ഒരു യുവതിയുടെ പേഴ്സു മോഷ്ടിക്കുന്നു.

പോലീസിൽ പിടികൊടുക്കാതിരിക്കുവാൻ രാജ് ഒരു ബംഗ്ലാവിൽ അഭയം തേടുന്നു.

ആകസ്മികമായി രാജ് പേഴ്സിന്റെ ഉടമസ്ഥയും അഭിഭാഷകയുമായ യുവതിയെ കണ്ടുമുട്ടുന്നു. തന്റെ സഹപാഠിയായ റീതയാണതെന്നു രാജ് മനസ്സിലാക്കുന്നു.

അവരുടെ ബാല്യകാലസഖിത്വം പ്രേമമായി പരിണമിക്കുന്നു.

ഈ അനർഘമായ സ്നേഹബന്ധത്തിനു ന്യായാധിപനും ജഗ്ഗായും എതിരാളികളായിത്തീരുന്നു.

വീണ്ടും റീതയുടെ ജന്മദിനം ആഗതമായി. പാരിതോഷികം കൊടുക്കുവാൻ ഗതിയില്ലാതിരുന്ന രാജ് ഒരു പതക്കം മോഷ്ടിക്കുന്നു. ഈ പതക്കം ന്യായാധിപന്റേ ആയിരുന്നു. പാരിതോഷികവേളയിൽ ന്യായാധിപൻ ഇതു മനസ്സിലാക്കുന്നു. വിവരമറിഞ്ഞ രാജ് അവിടെ നിന്നും രക്ഷപെടുകയും ചെയ്യുന്നു.

പിന്നീടു കണ്ടുമുട്ടിയ റീതാ രാജ് ഒന്നുകൂടി അഭികാമ്യമായ ജീവിതം തുടരണമെന്നു് അനുസ്മരിപ്പിക്കുന്നു.

റീതയും രാജും വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ അനുവാദം ചോദിക്കയും ന്യായാധിപൻ അതു നിഷേധിക്കയും ചെയ്യുന്നു.

ഒരു ബാങ്കു കവർച്ചയ്ക്കു ശേഷം ജഗ്ഗാ രാജിന്റെ വീട്ടിൽ അഭയം പ്രാപിക്കുന്നു. ലീലായെ ഭയപ്പെടുത്തിയ ജഗ്ഗയെ രാജ് കൊല്ലുന്നു. രാജ് അറസ്റ്റു ചെയ്യപ്പെട്ടു.

രാജിനു വേണ്ടി റീതാ കോടതിയിൽ ഹാജരാകുന്നു. കോടതിയിൽ തെളിവു കൊടുക്കുവാനായി യാത്ര തിരിച്ച ലീലയും ന്യായാധിപന്റെ കാറുമൂലം അപകടത്തിലാകുന്നു.

മരണശയ്യയിൽ കിടന്നു രാജിന്റെ പിതാവു് ആരാണെന്നുള്ള രഹസ്യം അവനെ ധരിപ്പിക്കുന്നു. തടവു ചാടിയ രാജ് ന്യായാധിപന്റെ വീട്ടിൽ കടന്നു ചെന്നു് അദ്ദേഹത്തെ കൊലപ്പെടുത്തുവാനുള്ള ഒരു വിഫലശ്രമം നടത്തി.

കൊലപാതകശ്രമത്തിനും തടവുചാട്ടത്തിനും രാജ് വീണ്ടും അറസ്റ്റു ചെയ്യപ്പെട്ടു. ന്യായാധിപന്റെ പുത്രനാണു രാജെന്നും രാജിന്റെ കുറ്റങ്ങൾക്കെല്ലാം ഉത്തരവാദി ന്യായാധിപനുമാണെന്നും സംഭ്രമജനകങ്ങളായ വസ്തുതകൾ റീതാ കോടതിയിൽ വെളിപ്പെടുത്തുന്നു.

ന്യായാധിപന്റെ വിധിയിൽ രാജ് തികച്ചും സംതൃപ്തനായി.

നിയമത്തിന്റെ മുന്നിൽ നീ കുറ്റവാളിയാണെങ്കിലും ദൈവത്തിന്റെ മുൻപിൽ ഞാൻ തെറ്റുകാരനാണ് ഇതായിരുന്നു ന്യായാധിപന്റെ വിധി.

രാജിനെ ജയിലറകളിൽ വച്ചു കാണുന്നു, അച്ഛന്റെ സ്നേഹത്തെയും റീതയുടെ പ്രേമത്തെയും

പ്രതീക്ഷിച്ച രാജ് ജയിലറകളിൽ കഴിയുന്നു.

അങ്ങിനെ ആ കഥ നിത്യജീവിതവുമായി തോളുരുമ്മിക്കൊണ്ടു നീങ്ങുകയാണ്. മേൽ കൊടുത്തതിൽ നിന്നും മനസ്സിലാകുമല്ലൊ അബ്ബാസ് കൈ ചൂണ്ടുന്നതു് എവിടേക്കാണെന്നു്. നിരപരാധികളെ തെണ്ടികളും കൊലപാതകികളും ആക്കിത്തീർക്കുന്ന ഇന്നത്തെ ദുഷിച്ച സാമൂഹ്യവ്യവസ്ഥിതിയുടെ നേരെയാണ് അദ്ദേഹം പടവാളുയർത്തുന്നതു്.

കഥാപാത്രങ്ങളുടെ ചിത്രീകരണത്തിൽ അബ്ബാസ് തികച്ചും വിജയിച്ചിട്ടുണ്ടു്. രഘുനാഥ്, രാജ്, ലീല, റീത, ജഗ്ഗ, എന്നീ കഥാപാത്രങ്ങൾ ഏതു് അന്ധകാരത്തിന്നിടയിലും മിന്നി നിൽക്കുന്ന രജത രേഖകളാണെന്നു തീർത്തു പറയാം. ഭാവവും രൂപവും ഒത്തിണങ്ങിയ ഈ കഥ കാണികളുടെ ഉള്ളിളക്കുവാനും ഉള്ളിണക്കുവാനും പര്യാപ്തമായിട്ടുണ്ടെന്നു മി. അബ്ബാസിനു ന്യായമായും അഭിമാനിക്കാം.

(അവാരയിലെ ഒരു രംഗമാണ് അരുണയുടെ മുഖചിത്രം.)

വിയോഗത്തിൽ

[സി. ജി. പുതിയറ]

(കാമുകന്റെ അകാലവിയോഗത്തിൽ കാമിനിയുടെ ചിന്തകൾ)

('ബീനാ മധുർ മധുർ' എന്നരീതി)

ദേവാ, പ്രണയ മധുരസ്വപ്നമെ
സ്വന്തമഹോ വൻ ശോകസമാനം
മാമക ജീവിതത്താരയിലാകെ,
ശോകമൂക മഹോ ക്രൂരിതുൾനിറവു
മാനസ...മുരളിക....തേങ്ങുകയായ്
(ദേവാ)
താരകമായ് പ്രഭതൂകിഹാ വാനിൽ
ഭുവിനെ നോക്കി നീ മേവുകയാവാം
സ്മൃതിയിൽ ഞാനിതാ,—
പൊരിയുകയായി
മജ്ജീവനിൽ അണിയും കണ്ണുനീർ
വിരഹവേദനാ വ്രണിതമെന്നീ—
തനു ഹൃദയമഹോ തെളിയും
വിരഹവേദനാ വ്രണിതമെന്നീ.
തനു ഹൃദയം..അഹോ..തെളിയും.

അഞ്ഞൂറ് സേവനോത്സുകരായ സേവികമാർ— അവർക്കും ഒരു വീടുണ്ട്

1952-മാർച്ച 6-ാം നു- ഭവനഗർ മഹാറാണി ഒരു വമ്പിച്ച കെട്ടിടത്തിന്റെ ഉൽഘാടനം ഔപചാരികമായി നിർവഹിച്ചു. ശബ്ദായമാനമായ മദിരാശി സെൻട്രൽ സ്റ്റേഷനിൽനിന്നും എപ്പോഴും ആളുകൾ വന്നും പോയുമിരിക്കുന്ന ജനറൽ ആശുപത്രിയിൽനിന്നും ഒരു വിളിപ്പാടകലെ, പ്രായേണ ശാന്തമായ മദിരാശി മെഡിക്കൽ കോളജ് കെട്ടിടത്തിൽ നിന്നും അല്പം വിട്ടുമാറി അതിന്നഭിമുഖമായി ആ ഗംഭീരഭവനം നീലിമപൂണ്ട ആകാശത്തിലേക്കു തലയുയർത്തി നിൽക്കുന്നു. അവിടെ സെൻട്രൽ സ്റ്റേഷനിലേതുപോലെയുള്ള ഒച്ചപ്പാടോ, ജനറൽ ആശുപത്രിയിലേതുപോലെ ജനബാഹുല്യതയോ ഒന്നുമില്ല. അലകൾ ആർത്തിരമ്പിപ്പായുന്ന പ്രക്ഷുബ്ധമായ ബാഹ്യസാഗരത്തിന്റെ അഗാധതയിലുള്ള ശാന്തതപോലെ ആർത്തിരമ്പിപ്പായുന്ന ജനാവലികളിൽ നിന്നും അകന്നു ശാന്തഗംഭീരമായി അതു സ്ഥിതി ചെയ്യുന്നു. സെൻട്രൽ സ്റ്റേഷന്റെ മുമ്പിലെത്തിയാൽ നിങ്ങൾക്കാഗംഭീരാകാരത്തെക്കാണാം. അതു് അഞ്ഞൂറോളം സേവനോൽസുകരായ സേവികകളുടെ സ്ഥലമാണ്. ഈയിടെ മദിരാശി ഗവണ്മെന്റു് ഏകദേശം ഇരുപത്തിഏഴേമുക്കാൽ ലക്ഷം ഉറുപ്പിക ചെലവിട്ടു, ജനറൽ ആശുപത്രിയിലേയും, സ്റ്റാൻലി ആശുപത്രിയിലേയും നേഴ്സുമാർക്കു താമസിക്കുവാൻ വേണ്ടിയുണ്ടാക്കിയിട്ടുള്ള നാലുനിലകളുള്ള "ശുശ്രൂഷിണീഗേഹം" ആണതു്.

നമുക്കു നന്ദി പറയുക

ജീവിതത്തിന്റെ സുഖസൗകര്യങ്ങളിൽനിന്നകന്നു കഷ്ടപ്പെടുന്നവരുടേയും കണ്ണീരിടുന്നവരുടേയും നടുവിൽ കഴിഞ്ഞുകൂടുന്ന ആ ശുശ്രൂഷിണികൾക്കു് അവരുടെ വിശ്രമസമയത്തെങ്കിലും ആ വേദന തങ്ങിനിൽക്കുന്ന അന്തരീക്ഷത്തിൽനിന്നും ഒന്നുവിട്ടു് അല്പം ആശ്വാസത്തോടെ വിശ്രമിക്കുവാനുള്ള സൗകര്യം എ



ഭവനഗർ മഹാറാണി

ത്രയും അവശ്യം ആവശ്യമാണ്. ഇതുവരെയായി ജനറൽ ആശുപത്രിയിലെ നർസ്സുമാർ താമസിച്ചിരുന്നതു് ആശുപത്രിയുടെ മുകളിൽതന്നെയായിരുന്നു. ആശുപത്രി സ്ഥാപിച്ച മുതൽക്കു് അവരുടെ താമസം അവിടെയാണ്. അവിടെ അവർക്കു വേണ്ടത്ര സ്ഥലസൗകര്യങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇതു പറഞ്ഞതു ഞാനല്ല. മദിരാശി പ്രവിശ്യയിലെ ഡയറക്ടർ ഓഫ് മെഡിക്കൽ സർവീസസ് ആയ ഡോ. അരുണാചലമാണ്. പക്ഷെ ഇപ്പോഴെങ്കിലും, കൊല്ലങ്ങൾ വളരെ കഴിഞ്ഞിട്ടാണെങ്കിലും, ഗവണ്മെന്റിനു് ആ ശുശ്രൂഷിണികളുടെ ബുദ്ധിമുട്ടു മനസ്സിലാക്കുവാൻ കഴിഞ്ഞതിൽ നമുക്കു സന്തോഷിക്കാം. സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നുവെങ്കിലും ഇങ്ങനെയൊരു കെട്ടിടം പണിയുവാനുള്ള പദ്ധതി സ്വീകരിച്ചു വളരെയധികം പണം മുടക്കി മദിരാശി പ്രവിശ്യയിലെ ഏറ്റവും വലിയ കെട്ടിടങ്ങളിലൊന്നു ശുശ്രൂഷിണികളുടെ വാസത്തിനു സജ്ജമാക്കിക്കൊടുത്തതിനു മദിരാശി ഗവണ്മെന്റിനോടു നമുക്കു നന്ദി പറയാം.

ചില സ്ഥിതിവിവര കണക്കുകൾ

പരിശീലനം സിദ്ധിച്ച നർസ്സുമാരുടെ ശുശ്രൂഷയിൽ ഗവണ്മെന്റാശുപത്രികളിൽ കഴിക്കുവാൻ മദിരാശിക്കാർക്കു സാധിച്ചതു 1920-നു ശേഷം മാത്രമാണ്. അ

ഫലു

തിനു മുമ്പു് ഈ നാട്ടിലുണ്ടായിരുന്ന പരിശീലനം സിദ്ധിച്ച നർസ്സുമാരുടെ എണ്ണം വിരലിൽ എണ്ണിത്തീർക്കാവുന്നേടത്തോളം അത്ര കുറവായിരുന്നു. അവർക്കു പരിശീലനം കൊടുക്കുവാനുള്ള കേന്ദ്രങ്ങളൊന്നും തന്നെ ഇവിടെയുണ്ടായിരുന്നില്ല. എന്നാൽ ഇന്നു നമുക്കു 2 പരിശീലനകേന്ദ്രങ്ങളുണ്ടു്. ഒരു കൊല്ലത്തിൽ ഇവിടെ നിന്നും പരിശീലനം സിദ്ധിച്ചു പുറത്തുവരുന്ന നർസ്സുമാരുടെ എണ്ണം

ഏകദേശം 250 ആണ്. ഭോർകമ്മിററിയുടെ റിപ്പോർട്ടു കാണിക്കുന്നതു്, ഇന്ത്യയിൽ ആകെ 7000 പരിശീലനം സിദ്ധിച്ച നർസുമാരെയുള്ളുവെന്നാണ്. അതായതു 43000 ആളുകളെ ശുശ്രൂഷിക്കുവാൻ ഒരു നർസ്! മദിരാശിസംസ്ഥാനത്തിൽ ഇപ്പോഴുള്ള പരിശീലനം സിദ്ധിച്ച നർസുമാരുടെ എണ്ണം 1462 മാത്രമാണ്. അതായതു് എട്ടു രോഗികൾക്കു് ഒരു നർസ്. കുറച്ചുകാലം മുമ്പുവരെ നമുക്കു 14 രോഗികൾക്കു് ഒരു നർസുവീതമേ ഉണ്ടായിരുന്നുള്ളൂ. നാല്പതുലക്ഷത്തിൽ കുറഞ്ഞ ജനസംഖ്യയുള്ള ഡന്മാർക്കിൽ 18000 നർസുമാരുണ്ടു്. നാലുകോടിയോളം ജനങ്ങളുള്ള ഗ്രേററുബ്രിട്ടനിൽ ഒരുലക്ഷത്തി മുപ്പത്തിനായിരം നർസുമാരുണ്ടു്. എന്നാൽ മുപ്പതു കോടിയിലധികം ജനസംഖ്യയുള്ള നമ്മുടെ നാട്ടിലുള്ള നർസുമാരുടെ എണ്ണം വെറും ഏഴായിരം മാത്രമേയുള്ളൂ!

നല്ലൊരു ഭാവിയുണ്ടു്

മദിരാശിസംസ്ഥാനത്തിൽ നർസിങ്ങിനു നല്ലൊരു ഭാവിയുണ്ടെന്നു ഡോക്ടർ അരുണാചലം പറയുകയുണ്ടായി. മധുരയിലും ഗുണ്ടൂരിലും ഓരോ പുതിയ മെഡിക്കൽ കോളജ് തുറന്നിട്ടുണ്ടു്. അതുകൊണ്ടു് അതിനടുത്തുള്ള ആശുപത്രിയും തദനുസാരം വളർത്തണം. കാരണം വൈദ്യവിദ്യാർത്ഥികൾക്കു പ്രായോഗികപരിശീലനം നേടണമല്ലൊ. മദിരാശി ജനറൽആശുപത്രിയുടെ വെനീറിയോളജിവിഭാഭാഗം കൂടുതൽ വിപുലമാക്കിയിരിക്കുന്നു. എഗ്മൂർ വിമൻ ആൻഡ് ചിൽഡ്റൻ ആശുപത്രിയിലെ "മെറേറർനിററി ആൻറു ഗൈനാക്കോളജി"വിഭാഗവും കൂടുതൽ വിപുലീകരിച്ചിരിക്കുന്നു. "വെസ്റ്റ്സർജറി"ക്കും "ന്യൂറോസർജറി"ക്കും പുതിയവിഭാഗങ്ങൾ തന്നെ തുറന്നിരിക്കുന്നു. ഇതിലേക്കെല്ലാം കൂടുതൽ നർസുമാർ ആവശ്യമായിരിക്കും. അതാതു വിഷയങ്ങളിൽ പ്രത്യേകപരിശീലനം സിദ്ധിച്ച നർസുമാർ പ്രത്യേകിച്ചും ആവശ്യമായിവരും. അപ്പോൾ നർസുമാരെ അന്യരാജ്യങ്ങളിലേക്കയച്ചു പ്രത്യേകപരിശീലനം നൽകേണ്ടതായിവരും. എന്നെല്ലാം അദ്ദേഹം എടുത്തുപറഞ്ഞു. അതുകൊണ്ടു ഇവിടെ നഴ്സിങ്ങിനു് ഒരു നല്ല ഭാവിയുണ്ടെന്നുള്ളതിനു സംശയമില്ല.

പുതിയതിനല്ല, ഇപ്പോഴുള്ളതിനുതന്നെ

നമുക്കുള്ള എല്ലാ ആശുപത്രികളിലും രോഗികളങ്ങിനെ തടിച്ചുകൂടുകയാണ്. പത്തു രോഗികളെ മാത്രം ചികിൽസിക്കുവാൻ സൌകര്യമുള്ള ആശുപത്രികളിൽ നൂറുകണക്കിലാണു രോഗികളുള്ളതു്. എന്നാൽ അവിടെയുള്ള നഴ്സുമാരോ വെറും പത്തുപേരെ ചികിൽസിക്കുവാൻ വേണ്ടവർ മാത്രം. അതിനുതന്നെയില്ല. നമ്മുടെ ആവശ്യത്തിനെത്രയോ കുറവാണ് നമുക്കിന്നുള്ള നഴ്സുമാർ. അതുകൊണ്ടു പുതിയ സ്ഥാപനങ്ങളുടെ ആവിർഭാവം മാത്രമല്ല ഇപ്പോഴുള്ള ആശുപത്രികളിൽത്തന്നെ കൂടുതൽ നഴ്സുമാരെ നിയമിക്കേണ്ടിയിരിക്കുന്നു. സാമ്പത്തിക സ്ഥിതി അല്പമൊന്നു ഭേദപ്പെട്ടാൽ ഗവണ്മെൻറു ഇതിൽ ശ്രദ്ധിക്കുമെന്നു് നമുക്കാശിക്കാം. അതുകൊണ്ടു ഇന്നത്തെ നിലയിൽത്തന്നെ വളരുവാനെത്രയോ സാദ്ധ്യതകളുള്ള ഒരു തൊഴിലാണ് നഴ്സിങ്ങ്.

യുവതികൾ ശ്രദ്ധിക്കുക

വിദ്യാസമ്പന്നരായ യുവതികൾ ഈ വഴിക്കു് അവരുടെ ശ്രദ്ധ തിരിക്കേണ്ടതത്യാവശ്യമായിരിക്കുന്നു. നഴ്സിങ്ങിനെപ്പററിഅവർക്കുള്ള തെററായ അഭിപ്രായങ്ങളെല്ലാം വലിച്ചുദൂരെ കളയേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. അവർക്കിന്നു നല്ല

ബാലമണ്ഡലം—കുട്ടികളുടെ ചെറുകഥ.

സ്നേഹത്തിൻെറ പോക്ക്

അന്നൊരു ഒഴിവു ദിവസമായിരുന്നു. കുട്ടൻമേനോൻ അകത്തു ചാരുകസേരയിലിരിക്കുകയാണ്. മുഖത്തു് ഒരു വല്ലായ്മ. കണ്ണുനീരിററിററു വീഴുന്നുണ്ടു്. കുറച്ചുദിവസങ്ങൾക്കുമുമ്പ് ആ മുറിയിൽവെച്ചു നടന്ന സംഭവം അദ്ദേഹത്തെ അലട്ടിക്കൊണ്ടിരിക്കുകയാണ്. പൂർവസ്മരണകളുടെ ആ രാമായണം അദ്ദേഹത്തിൻെറ ഹൃദയത്തിൽ പാരായണം ചെയ്യപ്പെടുകയാണ്. ഉത്തരവാദിത്വം തലയിലിടിത്തീ വീഴ്ത്തുകയാണ്.

സരോജയും, ബാലനും കുട്ടൻമേനോൻെറ രണ്ടേ രണ്ടു് ഓമനസന്താനങ്ങളാണ്. അവരുടെ മാതാവു ലക്ഷ്മിയമ്മ സരോജത്തേയും രണ്ടു വയസ്സുള്ള ബാലനേയും മേനോനെ ഏല്പിച്ചു് ഇഹലോകം വെടിഞ്ഞിട്ടു ദിവസങ്ങൾ കുറച്ചേ ആയിട്ടുള്ളു.

അച്ഛൻെറ കുണ്ഠിതം സരോജം പലപ്പോഴും ശ്രദ്ധിക്കാറുണ്ടായിരുന്നു. അച്ഛനെന്താ? അന്നവൾ ചോദിച്ചു. ഒന്നുമില്ല മോളേ—നിൻെറ അമ്മയെ ഓർത്തുപോയതാ—മുഖം തുടച്ചുകൊണ്ടദ്ദേഹം പറഞ്ഞു. നീയാണു ബാലനേക്കാൾ മുതിർന്നവളും വിവരമുള്ളവളും. അവനെ നോക്കിരക്ഷിക്കാൻ നീയല്ലാതെ ആരുമില്ല. നിങ്ങൾ രഞ്ജിപ്പോടും സ്നേഹത്തോടുംകൂടി വളരണം. അമ്മയില്ലാത്ത ബുദ്ധിമുട്ട് അവനെ അറിയിക്കരുതു്. മേനോൻ സരോജത്തെ ഗുണദോഷിച്ചു. സരോജത്തിൻെറ തൊണ്ടയിടറി. ഒരക്ഷരംപോലും പുറത്തുവന്നില്ല. അന്നുമുതൽ ബാലൻെറ നടപ്പിലും പഠിപ്പിലും മററും അവൾ പൂർവാധികം ശ്രദ്ധപതിപ്പിച്ചുവന്നു.

കുമാരി ലീല

ദിവസങ്ങൾ മുന്നോട്ടു നീങ്ങി. മദ്ധ്യവേനൽക്കുല്പന കഴിഞ്ഞു. സ്കൂളുകളെല്ലാം തുറന്നു. ഗണപതി മിഡിൽസ്കൂളിലാണു സരോജം പഠിക്കുന്നതു്. ജയാപജയങ്ങളുടെ പട്ടിക തൂക്കിയ നോട്ടീസ്ബോർഡിന്നരികത്തേക്കു സരോജം കുതിച്ചു. അവിടെ കുട്ടികൾ തിങ്ങിക്കൂടിയിട്ടുണ്ടു്. വിവരം അറിയാൻ അവളുടെ ഹൃദയം വെമ്പൽകൊണ്ടു. നെഞ്ചിടിപ്പുകളുടെ ശബ്ദം മററുള്ളവർ കേൾക്കുന്നുണ്ടോ എന്നവൾ ശങ്കിച്ചു. "സരോജം പാസായി" സഹപാഠികൾ ഒന്നായി ആർത്തു. എവിടെ എവിടെ. അവൾക്കതു കാണണം. ഇതാ നളിനിതൊട്ടുകാണിച്ചു. ആഹ്ലാദംകൊണ്ടവൾ തുള്ളിച്ചാടി. തുറന്നദിവസമല്ലെ. സ്കൂൾ കുറെനേരത്തെ വിട്ടു. ആറിലേക്കു ജയിച്ച സന്തോഷ വർത്തമാനം അവൾക്കു അച്ഛനേയും ആങ്ങളക്കുട്ടിയേയും അറിയിക്കണം. അവൾ വീട്ടിലേയ്ക്കോടി. അന്നു സരോജനീമന്ദിരത്തിൽ തിരുവോണം തന്നെയായിരുന്നു. ഇതാ, ഇതു നീ ജയിച്ചതിന്നുള്ള സമ്മാനമാണു്. തൻെറ പേന കൊടുത്തുകൊണ്ടു മേനോൻ പറഞ്ഞു. മേലിലും എല്ലാക്ലാസ്സിലും ജയിച്ചാൽ ഇതിലും നല്ല സമ്മാനങ്ങൾ തരും, കേട്ടോ. മേനോൻ മുന്നറിയിപ്പു നൽകി.

സരോജം നല്ലവണ്ണം പഠിക്കുന്നകുട്ടിതന്നെയാണ്. അവൾ ലോട്ടസ്സ്സർക്കിൾ ബാലസമാജത്തിലെ ഒരംഗംകൂടിയാണ്. ഡോ. ആനി ബസൻറു് അവളുടെ ദൈവമാണ്.

ആക്കൊല്ലം മുതൽക്കു് ബാലനേയും അതേസ്കൂളിൽ രണ്ടാം ക്ലാസ്സിൽ ചേർത്തു. വീട്ടിൽനിന്നു പഠിപ്പിക്കുന്നതുകൊണ്ടു ഒന്നാം സ്ഥാനം അവനുള്ളതായിരുന്നു. സരോജത്തിനു ബാലൻ ജീവനാണു്.

ഒരവസരമാണുകൈവന്നിട്ടുള്ളതു്. മദിരാശി വൈദ്യവകുപ്പിൻെറ മേലദ്ധ്യക്ഷനാണ് അവരോടു പറയുന്നതു് അവർക്കു നല്ലൊരു ഭാവിയുണ്ടെന്നു്; അവർ മുന്നോട്ടു വരണമെന്നു്; കൂടുതൽ സൌകര്യങ്ങൾ അവർക്കു ചെയ്തുകൊടുക്കുമെന്നു്. അവർ ഈ അവസരം തികച്ചും ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. നാട്ടിനുവേണ്ടി; നിങ്ങളുടെ പരശതം കഷ്ടപ്പെടുന്ന സഹോദരീസഹോദരന്മാർക്കുവേണ്ടി. നമ്മുടെ നാടിൻെറ പരിമിതമായ ആവശ്യം നിറവേററുവാൻതന്നെ നമുക്കിന്നുള്ളതിൻെറ ഒരു നൂറിരട്ടി നഴ്സുമാർ ആവശ്യമാണെന്നിവരോർക്കട്ടെ.

ഒന്നുകൊണ്ടേത്തുമായില്ല

അതെ. ഈ ഒരു കെട്ടിടം ഉണ്ടാക്കിക്കൊടുത്തതുകൊണ്ടു മാത്രം മദിരാശി സംസ്ഥാനത്തിലെ നഴ്സുമാർക്കു താമസസൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തു എന്നു ഗവമ്മെൻറിനു് അഭിമാനിക്കുവാൻ സാധിക്കുകയില്ല. ഇതേമാതിരിയുള്ള സൌകര്യങ്ങളുള്ള ഗൃഹങ്ങൾ ഓരോ ജില്ലകളിലേയും ആശുപത്രിക്കടുത്തു് ഉണ്ടാക്കിക്കൊടുക്കേണ്ടിയിരിക്കുന്നു. ഗവമ്മെൻറിൻെറ ഒരു കടമമാത്രമാണതു്. ഗവമ്മെൻറിൻെറ ശ്രദ്ധ ഇതിലേക്കു തിരിയുമെന്നു നമുക്കാശിക്കാം. ഇതു് ഇതുപോലെയുള്ള നിരവധി വീടുകളുടെ മുന്നോടിയാവട്ടെ.

ജനലിന്റേയും വാതിലിന്റേയും മററും കണ്ണാടി വൃത്തിയാക്കുന്ന വിധങ്ങൾ

1. ചോക്ക് നല്ലപോലെ പൊടിച്ച് ലേശം വെള്ളമൊഴിച്ച് കുഴയ്ക്കണം. ഈ കുഴച്ച (Paste) പെയിസ്റ്റ് കൊണ്ട് ഗ്ലാസ് പൊതിയുക. പെയിസ്റ്റ് ഉണങ്ങിക്കഴിഞ്ഞ് ഒരു പഴയ കടലാസ് ചുരുട്ടിക്കൂട്ടി അമർത്തി തുടച്ച് വൃത്തിയാക്കുക. വെള്ളത്തിന്റെ കൂടെ ലേശം അമ്മോണിയായും കൂടെ ചേർത്ത് വേണമെങ്കിലും ചോക്കപൊടി കുഴയ്ക്കാം. ഏതെങ്കിലും മാവും വെള്ളവുംകൂടി ചേർത്ത് കുഴച്ച് ചോക്കുപെയിസ്റ്റിനു പകരം ഉപയോഗിക്കാം.

2. കാച്ചുവെള്ളത്തിൽ അമ്മോണിയം ചേർത്ത് ഒരു തുണി അതിൽമുക്കി ഉന്തശേഷം പരുപരുപ്പില്ലാത്ത തുണികൊണ്ട് തുടച്ച് വൃത്തിയാക്കുക. (പരുപരുപ്പില്ലാത്തതു് എന്നുപറഞ്ഞാൽ തുടയ്ക്കുമ്പോൾ പഞ്ഞി കണ്ണാടിമേൽ പറ്റിയിരിക്കാത്തതരമെന്നേ അർത്ഥമുള്ളു) അല്ലാതെ മാർദ്ദവമുള്ള തുണി വേണമെന്നില്ല ഗ്ലാസ് തുടയ്ക്കാനുപയോഗിക്കുന്നതുണി എപ്പോഴും ഇത്തരമായിരിക്കണം.

സോപ്പ് കലക്കിയവെള്ളംകൊണ്ട് കഴുകുക. പഴയ പത്രക്കടലാസ് ചുരുട്ടി ഒരു കിഴികെട്ടി സോപ്പു വെള്ളത്തിൽമുക്കി തുടച്ചാലും ഭേഷാ വൃത്തിയാവും.

4 കൈപ്പാടുകൾ, പെയിന്റ്, അഴുക്ക് മുതലായവ മാറ്റുന്നതിനു ലേശ ടർപ്പൻറയിനോ (Terpentine) സ്പിരിറ്റോ ഒഴിച്ചു ഒരു തുണികൊണ്ട് വൃത്തിയായി തുടയ്ക്കുക.

5. ഒരു തുണി വെള്ളത്തിൽ നനച്ച് പിഴിഞ്ഞശേഷം മുകളിൽനിന്ന് താഴോട്ട്; മൂലകളിൽ പ്രത്യേകം ശ്രദ്ധിച്ച് തുടച്ചുവൃത്തിയാക്കുക. പിന്നീട് ആ തുണി തന്നെ വെള്ളത്തിൽ ഉലച്ചു പിഴിഞ്ഞശേഷമോ അല്ലെങ്കിൽ വേറെ ഒന്നുകൊണ്ടോ തുടച്ച് ഉണക്കുക. (ഇതു് അധികം അഴുക്ക് പറ്റാത്ത കണ്ണാടിക്കുമാത്രമെ യോജിക്കയുള്ളു.)

ചായ ഊറ്റിയെടുത്തശേഷം നാം കളയുന്ന തേയില ഒന്നുകൂടെ തിളപ്പിച്ച വെള്ളം ഊറ്റിയെടുക്കണം. ഈ വെള്ളത്തിൽ ലേശം വിന്നാഗിരി (ചൊറുക്ക) ഒഴിച്ച് ഒരു തുണി ഇതിൽ മുക്കി ഗ്ലാസ് തുടച്ച് വൃത്തിയാക്കാം

ബാലനു് ചേച്ചിയേയും. ഒരേ കുടയിൽ കൊച്ചനുജന്റെ കയ്യും പിടിച്ച് സരോജം സ്കൂളിലേക്കു പോകുന്നതു് മേനോൻ കൺകുളുർക്കെ നോക്കിനിൽക്കും.

ഒരു ദിവസം സരോജം സ്കൂളിൽ നിന്നു് വന്നതു സ്കിപ്പിങ്ങ് കയറിനുള്ള അപേക്ഷയോടുകൂടിയാണു്. "ഇക്കൊരു പന്തുവേണച്ഛാ" ബാലനുംവിട്ടില്ല പിറ്റേന്നുതന്നെ മേനോൻ അവരുടെ ഇഷ്ടം സാധിപ്പിച്ചു. അവരുടെ ഇഷ്ടത്തിന്നാടുക മേനോന്നു് ആനന്ദമാണു്.

കൊല്ലങ്ങൾ പിന്നെയും കടന്നുപോയി. സരോജം മൂന്നാംഫോറത്തിലാണു് പഠിക്കുന്നതു്. അന്നൊരു ഞായറാഴ്ചയാണു്. അച്ഛനും മക്കളും ഉമ്മറത്തു തന്നെയുണ്ടു്. "കോഴിവേണോ കോഴി" നിരത്തിന്മേൽനിന്നൊരു ശബ്ദം "ക്കൊരുകോഴിവാങ്ങിത്തരു അച്ഛാ" മടിയിൽ ഇരുന്നുകൊണ്ടു ബാലൻ തട്ടിവിട്ടു. "കോഴി ഇവിടെ" മേനോൻ വിളിച്ചു. കൌതുകമുള്ള ഓരോ കോഴിക്കുഞ്ഞിനെ വാങ്ങി രണ്ടാൾക്കും സമ്മാനിച്ചു.

ഈ കോഴിക്കുഞ്ഞുങ്ങൾ ആ മനുഷ്യക്കുഞ്ഞുങ്ങളിൽ സ്പർദ്ധയുണ്ടാക്കുമെന്നു് അന്നാരോർത്തു. എന്റേതു് തന്റേതു് അധികം വളരണമെന്നു വാശിയായി. എന്തു തിന്നാൻ കിട്ടിയാലും ചേച്ചിക്കു കൊടുത്തിരുന്ന ബാലൻ ഇന്നു് കോഴിക്കാണു കൊടുക്കുന്നതു്. തരംകിട്ടിയാൽ ചേച്ചിയുടെ ഓഹരിയിൽ നിന്നു വാരും. സരോജവും ഒട്ടുംകുറവല്ല അവൾക്കവളുടെ കോഴി വളരണം. ഈ സ്പർദ്ധ ദിനംപ്രതി വളർന്നുവന്നു. "എന്നെ ഉന്തി" "അടിച്ചു" മേനോനു കേസു തീർക്കാനെ സമയമുള്ളു

ഒരു ദിവസം മേനോൻ പുറത്തുപോയി തിരിച്ചു വന്നപ്പോൾ കണ്ടകാഴ്ച!! കഷ്ടം! ങ്ഹി ചേച്ചിമാന്തി ഹീ മുഖത്തുനിന്നു് ചോരയൊലിപ്പിച്ചുകൊണ്ടു് ബാലൻ എത്തി. ദേഷ്യവും വ്യസനവുംകൊണ്ടു് മേനോൻ പല്ലുകടിച്ചു. "സരോജനീ," മേനോൻ സഗൗരവം വിളിച്ചു. "ഉം. ഒക്കെന്റെ കുറ്റം" സരോജത്തിന്റെ മുഖം വീർത്തു. "കുട്ടികളെ ലോകത്തിൽ ആർക്കും സ്വന്തമായി ഒന്നുമില്ല. എല്ലാം എല്ലാവരുടേതുമാണ്." അച്ഛൻ മക്കളെ സാന്ത്വനപ്പെടുത്തി.

തേൻ ഭക്ഷിക്കുന്ന തേനീച്ച റാണിയായി ദീർഘകാലം ജീവിച്ചിരിക്കുന്നതിൻെറ രഹസ്യം

ആയുസ്സുദൈർഘ്യം ആഗ്രഹിക്കുന്നവർ തേനീച്ചയുടെ പക്കൽ നിന്നും നേടിക്കൊള്ളാനാണ് ആധുനിക രസതന്ത്രശാസ്ത്രം അനുശാസിക്കുന്നത്.

തേനീച്ചക്കുഞ്ഞിൻെറ ആഹാരപദാർത്ഥമായ തേനിൽ അടങ്ങിയിട്ടുള്ള ജീവകങ്ങളുടെ പോഷണവൈശിഷ്ട്യംകൊണ്ടാണ് തേൻ ഭക്ഷിക്കുന്നതായ റാണി, കേവലം പണിക്കാരനായിരിക്കുന്നതിനുപകരം റാണിയായി തന്നെയിരിക്കുന്നതും, പണിക്കാരൻ നിസ്സാരമായ മൂന്നുമാസം മാത്രം ജീവിച്ചിരിക്കുമ്പോൾ റാണി വളരെ നാളുകൾ ദീർഘായുസ്സോടിരിക്കുന്നതും മററും. ഈ വിലയേറിയ വിവരങ്ങൾ വെളിപ്പെടുത്തിയതു രസതന്ത്രശാസ്ത്രജ്ഞനായ ഡോക്ടർ തോമസ് എസ്സ്. ഗാർഡിനർ അത്രെ.

തേനിൽ നാലിനം ജീവകങ്ങൾ അടങ്ങിയിട്ടുള്ളതായി ഡോക്ടർ ഗാർഡിനർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അവ പാൻടോത്തെനിക്ക് അസിഡ് (Pantothenic acid), പ്രിഡോക്സിൻ (Pyridoxin), സോഡിയം യീസ്റ്റ് ന്യൂക്ലിറേറ്റ് (Sodium yeast nucleate), ബയാട്ടിൻ (Biotin) എന്നിവയാണ്. ഈ ഓരോ ജീവകത്തിനും തനിയെ പ്രാണിജീവിതത്തെ ദീർഘിപ്പിക്കുന്നതിനുള്ള കഴിവു പ്രത്യേകമായുണ്ട്. പക്ഷെ ആ കഴിവ് ഓരോന്നിലും കൂടിയും കുറഞ്ഞും ഉണ്ടായിരിക്കാം. എന്നാൽ അവ ഓരോന്നും തനിച്ച് ഉപയോഗിച്ചാൽ കിട്ടുന്ന ഗുണത്തിൻെറ ആകത്തുകയെക്കാൾ വളരെ കൂടുതൽ ഗുണം അവയൊന്നിച്ചുപയോഗിച്ചാൽ സിദ്ധിക്കുമെന്ന് ഊഹിക്കപ്പെടുന്നു.

സാമാന്യ മനുഷ്യൻെറ നിത്യാഹാരമല്ല തേൻ. അതുകൊണ്ടാണ് അവരുടെ ആയുസ്സുദൈർഘ്യത്തിൽ വലിയ അന്തരം കാണുന്നതും. സാധാരണമായ തേനിലടങ്ങിയിട്ടുള്ള ജീവകങ്ങൾ കൃത്യമായി വേർതിരിപ്പാൻ എളുപ്പമല്ല. നാലു തേയില കരണ്ടി തേനിൽ ആറു മൈക്രോഗ്രാംസ് റിബോഫ്ളേവിനും, 5 മൈക്രോഗ്രാംസ് സി ജീവകവും ഉൾക്കൊണ്ടിട്ടുണ്ട്. പക്ഷെ ഇതത്ര കൂടുതലൊന്നുമല്ല.

തേനിൽ കുറഞ്ഞ തോതിൽ ധാതുക്കളും (minerals) ഉൾചേർന്നിട്ടുണ്ട്. ഒരു തേയില കരണ്ടി തേനിൽ ഒരു മില്ലിഗ്രാം സുധാംശ-

ഡീല, എ. റിസ്വിഗ്, എം.

വും (calcium) 3 മില്ലിഗ്രാം ഭാവകവും (phosphorus) ഒരു മില്ലിഗ്രാമിൻെറ പത്തിൽ രണ്ടുഭാഗം ഇരുമ്പും ഉണ്ടായിരിക്കുന്നതു കൂടാതെ കുറേശ്ശെ മാഗ്നീസിയം, പൊട്ടാസിയം, സോഡിയം, ക്ലോറിൻ, സൽഫർ എന്നിവയും അടങ്ങിയിരിക്കുന്നു. തേനിൽ ഈ ധാതുക്കൾ വളരെ തുച്ഛമായി മാത്രമുള്ളതിനാൽ അവ ആഹാരത്തിൽ ഉണ്ടായിരിക്കേണ്ടിടത്തോളം തേനിൽനിന്നു മാത്രം ലഭിക്കുമെന്നു പ്രതീക്ഷിക്കാവുന്നതല്ല. എന്നാൽ തേൻ നന്നായി ദഹിച്ചു ശരീരത്തിൽ ചേരുന്നതിനു ഈ ധാതുക്കൾ തുലോം അത്യന്താപേക്ഷിതമാകയാൽ അവയുടെ സാന്നിദ്ധ്യവും അപരിഹാര്യമാണ്.

തേൻ, മററു മധുരപദാർത്ഥങ്ങളെപ്പോലെ, പ്രവർത്തകശക്തി ഉല്പാദിപ്പിക്കുന്ന ഒരാഹാരസാധനമാണ്. തേനീച്ച പല തരത്തിലുള്ള പദാർത്ഥങ്ങളിൽ നിന്നുമാണല്ലൊ തേനുണ്ടാക്കുന്നത്. അതിനാൽ തേനിൻെറ രാസയോഗം വളരെ വ്യത്യസ്തപ്പെട്ടിരിക്കും. സാമാന്യനിരക്കിൽ തേനിൻെറ നാലിൽ മൂന്നുകൂറും പഞ്ചസാരയാകുന്നു. ഇതിൽ പ്രധാനമായി ഫലങ്ങളിലുള്ള ലെവലോസ് (levulose) എന്ന പഞ്ചസാരയും, ദ്രാക്ഷപഴത്തിലുള്ള ഡെക്സ്ട്രോസ് (dextrose) എന്നതും ഉൾപ്പെടുന്നു. കരിമ്പിൽ നിന്നെടുക്കുന്ന സുക്രോസ് (sucrose) എന്നയിനം രണ്ടു ശതമാനത്തിൽ കുറവായേ തേനിൽ അടങ്ങിയിട്ടുള്ളൂ.

പിഴിഞ്ഞെടുത്ത തേനിൻെറ അഞ്ചിൽ ഒരംശം ജലമാകുന്നു. അതില്ലായിരുന്നുവെങ്കിൽ ഒരു പൌണ്ട് തരിപഞ്ചസാര ഉൽപാദിപ്പിക്കുന്നിടത്തോളം പ്രവർത്തകശക്തി നൽകുന്നതിന് ഒരു പൌണ്ട് തേനിനും സാധിക്കുമായിരുന്നു. എന്നാൽ തേനിൽ അഞ്ചിൽ ഒരു ഭാഗം കുറവായി മാത്രമെയുള്ളൂ. തുല്യ അളവിലുള്ളതായ പഞ്ചസാരയെക്കാൾ തേൻ തൂക്കം കൂടിയതാകയാൽ അത് കൂടുതൽ പ്രവർത്തകശക്തി ഉൽപാദിപ്പിക്കുന്നു. ഉദാഹരണമായി ഒന്നരകരണ്ടി തേൻ ഒരൗൺസിൽ അല്പം കൂടുതൽ തൂക്കം ഉണ്ടായിരിക്കുന്നതും ശരീരത്തിന് 100 കലോറി ഊഷ്മാവ് നൽകുന്നതുമാകുന്നു. എന്നാൽ അത്രയും പ്രവർത്തകശക്തി ഒരൗൺസിൻെറ പത്തിൽ ഒൻപതു ഭാഗമൊ അഥവാ രണ്ടു തേയില കരണ്ടിനിറ

യെ പഞ്ചസാരയിൽ നിന്നോ ആയിരിക്കും കിട്ടുന്നതു്.

കരിമ്പിൽനിന്നു് ഉണ്ടാക്കുന്നപഞ്ചസാരയിൽ ജീവകങ്ങളോ, ധാതുക്കളോ ഉണ്ടായിരിക്കുന്നതല്ല. തേനീച്ചകൾക്കുപോലും അതിൽ ജീവോല്ലാദക ഘടകങ്ങൾ നിർമ്മിക്കുന്നതിനു് സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ ഇത്തരം തരിപഞ്ചസാര, തേനുണ്ടാക്കി അതു ഭക്ഷിച്ചു ജീവിക്കാൻതേനീച്ചയ്ക്കു കൊടുത്താൽ അതു ചാകുകയേയുള്ളൂ.

തേൻ പല വിഷയത്തിലും മററു പഞ്ചസാരയെക്കാൾ ഗുണമേറിയതാണെങ്കിലും, അതു് അമിതമായി ഉപയോഗിക്കുന്നതു് നല്ലതല്ല. നാം ഉപയോഗിക്കുന്നതു് തേൻ ആയാലും പഞ്ചസാരയായാലും അതു് വളരെ പരിമിതമായിരിക്കേണ്ടതാകുന്നു. പഞ്ചസാരയിലും തേനിലും ദന്ത നശീകരണ കൃമികൾ ഒന്നുപോലെയാണു് പ്രവർത്തിക്കുന്നതു്. അതിനാൽ തേനും അധികമുപയോഗിച്ചാൽ അതു പല്ലുകൾക്കു് ഹാനികരമാണെന്നു് ആധുനികപരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ടു്.

തേനിൻെറ സ്വതവെയുള്ള സ്വാദു് ഉണ്ടാകുന്നതു് സുഗന്ധവസ്തുക്കളിൽനിന്നുമാണു്. കാരണം തേൻ ലഭിക്കുന്നതു് പുഷ്പങ്ങളിൽനിന്നുമാകുന്നു. എന്നാൽ പുഷ്പങ്ങളുടെ തരാതരമനുസരിച്ചു് അതാതിൽനിന്നും ലഭിക്കുന്ന തേനിനും ഗുണവ്യത്യാസമുണ്ടായിരിക്കും.

ചില പുഷ്പങ്ങളുടെ മണംവളരെ ഹൃദ്യവും മററുള്ളവയുടേതു് മോശമായും ഇരിക്കും. അതിനാൽ ചിലമാതിരി തേൻ നല്ല സ്വാദുള്ളവയും ചിലയിനം രുചിവ്യത്യാസമുള്ളവയുമായി കാണപ്പെടുന്നു. പല വിധ തേനിൽ കാണുന്ന ഈ സ്വാദു് വ്യത്യാസം കൂടുതൽ കൌതുകഹേതുകമാണു്. കാരണം എല്ലാവരും ഒരേമാതിരിപദാത്ഥങ്ങളല്ലല്ലോ പ്രിയപ്പെടുന്നതു്. ചിലർ പുളിയുള്ള പഴങ്ങളും വേറെ ചിലർ മാധുര്യമുള്ള പഴങ്ങളുമല്ലേ ഇഷ്ടപ്പെടാറുള്ളതു്.

തേനിൻെറ നിറത്തിലും പല വ്യത്യാസങ്ങൾ ഉണ്ടായിരിക്കും. ചിലയിനം തേൻ വെള്ളംപോലെ തെളിവും നിറവും ഉള്ളവയാണു്. വേറെ ചിലതു് ഇരുണ്ട നിറമുള്ളതായും കാണപ്പെടും. ഇതെല്ലാം അവ ശേഖരിക്കപ്പെടുന്ന പുഷ്പങ്ങളുടെ വ്യത്യാസം കൊണ്ടുണ്ടാകുന്നതാകുന്നു.

അതാതു വ്യക്തികളുടെ രുചിക്കേററ തേൻ കണ്ടുപിടിക്കുന്നതിനു് കുറച്ചു പരിശോധനയും രുചിനോക്കലും ആവശ്യമുണ്ടു്. എന്നാൽ നിങ്ങൾക്കേററസ്വാദു കണ്ടുകിട്ടിയാൽ പിന്നീടു് അതേയിനം തന്നെ ഉപയോഗിക്കുന്നതിനു് പ്രത്യേകം ശ്രദ്ധിച്ചാൽ മാത്രം മതിയാകും.

ശീതോഷ്ണാവസ്ഥ മാറുമ്പോൾ തേനിൽ പല മാററങ്ങളും ഉണ്ടാകാറുണ്ടു്. പ്രധാനമായി അതിൻെറ ഘടനയിലും രൂപത്തിലുമാണു് വ്യതിയാനം സംഭവിക്കുന്നതു് ഉഷ്ണനില കൂടക്കൂടെ മാറിക്കൊണ്ടിരിക്കുന്നിടത്തു് ഏററവും നല്ല സ്വാദുള്ള തേൻ മിക്കവാറും തരിയായി മാറാനിടയുണ്ടു്. എന്നാൽ ഈ ഗുണവും തേനിൻെറ ഇനമനുസരിച്ചു് മാറുന്നതാണു്. ചിലപ്പോൾ തേൻ ഒന്നാകെ പഞ്ചസാരപോലെ വെളുത്തു് കട്ടിയാകാറുണ്ടു്. ചിലപ്പോൾ പാൽപോലെ വെളുത്തു് വെണ്ണയുടെ പരുവത്തിലാകുന്നതും അസാധാരണമല്ല. ഇതു നിശ്ശേഷം കലർപ്പു ചേരാത്ത തേനായതുകൊണ്ടാണു അങ്ങനെ സംഭവിക്കുന്നതു്.

ഇന്ത്യയും അമേരിക്കയും കമ്യൂണിസവും

മിസ്സിസ് റൂസ്‌വെൽററിന്റെ ഇന്ത്യൻ സന്ദർനം അമേരിക്കർക്ക് ഒരു വലിയ നേട്ടമാണ് ൻഡ്യാക്കാരിൽ മേരിക്കയോട്ട് ഒ സൗഹാർദ്ദ മനോ വം വളർത്തുവാ അതുപകരിച്ചി ണ്ട്.



ഇന്ത്യയിൽ ധാരാ ം ജനങ്ങൾ പട്ടി നി കിടക്കുമ്പോൾ രമേരിക്ക എന്തു കൊണ്ട് ഇന്ത്യയെ സഹായിക്കുന്നില്ല എന്ന ചോദ്യം ഇ ന്ത്യയുടെ നാനാഭാഗ ങ്ങളിൽനിന്ന് അ വരുടെ നേരെ വർ ഷിക്കപ്പെട്ടു. അതി ന് അവർ ഹൃദയം ഉറന്ന മറുപടി നൽ കി. ഇന്ത്യയെപ്പററി അമേരിക്കക്കാരുടെ അറിവില്ലായ്മയാ ണ് അതിനു കാര ണമെന്ന് അവർ പ റഞ്ഞു. അമേരിക്ക ക്കാരുടെ മറെറാരു അറിവില്ലായ്മയും അവർ വെളിപ്പെടു ത്തി. കമ്യൂണിസത്തെ തോക്കുകൊണ്ട് അടിച്ചമർത്താ മെന്ന് അമേരിക്കക്കാർ വിചാരിക്കുന്നുണ്ടത്രെ. പക്ഷെ തോക്കുകൊണ്ടല്ല ഭക്ഷണം കൊണ്ടാണ് കമ്യൂണിസത്തെ എതിർക്കേണ്ടതെന്ന് ഇന്ത്യാക്കാർ അമേരിക്കക്കാരെ മനസ്സിലാക്കണമെന്ന് അവർ ഉൽബോധിപ്പിച്ചു. 1930-നോടടുത്ത് അമേരിക്കയിലുണ്ടായ സാമ്പത്തിക മാന്ദ്യത്തിനു തുല്യമായ ഒരു സാമ്പത്തിക മാന്ദ്യമാണ് ഇപ്പോൾ ഇൻഡ്യയിലുണ്ടായിട്ടുള്ളതെന്നും അന്ന് അമേരിക്ക കമ്യൂണിസത്തിൽവീണുപോകാതെ രക്ഷപെട്ടതുപോലെ ഇന്ത്യ ഈ വിഷമഘട്ടത്തെ വിജയപൂർവം തരണം ചെയ്യുമെന്ന് ആശിക്കുന്നുവെന്നും അവർ പ്രസ്താവിച്ചു. ഇന്ത്യയുടെ സാമ്പത്തിക ഭദ്രതയെപ്പററി അവർക്ക് ദൃഢബോധ്യമായിട്ടുണ്ട്. ഇന്ത്യാ–അമേരിക്കൻ വാണിജ്യബന്ധത്തിന് അത് അടിസ്ഥാനമിടുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

Published by Varghese Kalathil M. A., Kottayam, and
Printed at The M. M. Press, Kottayam.